Ksmart

തീയതി : 23-07-2026
നമ്പർ : 19/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു സാധാരണ യോഗം 2026 ജൂലൈ മാസം 27-ാം തീയതി തിങ്കളാഴ്ച 11:00 AM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

## അജണ്ട

## സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ

1. 27-06-2026 തീയതിയിലെ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

2. 29-06-2026 തീയതിയിലെ നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

3. 04-07-2026 തീയതിയിലെ നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

4. 20-06-2026 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

5. 27-06-2026 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

6. 27-06-2026 തീയതിയിലെ മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

   Download Report

7. 20-07-2026 തീയതിയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ.

Download Report

# വിഷയങ്ങൾ

8. **വിഷയം (ഫയൽ നമ്പർ - 4410638-2026)**

തൃശ്ശൂർ കോർപ്പറേഷൻ നഗരാസൂത്രണ വിഭാഗം - ഇന്ദിരാ കാന്റീനിന്റെ പ്രവർത്തനം ഒരു വർഷത്തേക്ക് നൽകുന്നത് സംബന്ധിച്ച് .

**വിവരണം**

കോർപ്പറേഷൻ ഉടമസ്ഥതയിൽ ഗോൾഡൻ ഫ്ലീ മാർക്കാറ്റിന് അടുത്ത് 20 സെന്റ് സ്ഥലത്ത് കരട് ലോക്കൽ പ്ലാനിന് ബാധിക്കാത്തവിധത്തിൽ ഇന്ദിരാ കാന്റീൻ നടപ്പിലാക്കുന്നതിന് 24.06.2026 ലെ 10 -ാം നമ്പറായി കൌൺസിൽ തീരുമാനിച്ചിട്ടുള്ളതാണ് . ഇന്ദിരാ കാന്റീൻ ഏറ്റവും അടിയന്തിമായി ആരംഭിക്കേണ്ടതുണ്ട് സുഗമവും സുതാര്യവുമായ രീതിയിൽ നിർവ്വഹണം ആരംഭിക്കുകയിലേക്കായി ഈ വിഷയത്തിൽ മുൻ പരിചയമുള്ള ഏജൻസിയെ നിർമ്മാണ പ്രവർത്തനവും തുടർന്ന് ഒരു വർഷകാലത്തേക്ക് പരിശീലനവും നടത്തിപ്പും ഏൽപ്പിക്കുന്നത് നല്ലതാണ് എന്നും ഇക്കാര്യത്തിൽ അന്വേഷിച്ചതിൽ കൊച്ചി കോർപ്പറേഷനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന C-HEAD എന്ന സ്ഥപനമാണ് അവിടെ ഈ പ്രവർത്തനങ്ങൾ ചെയ്യുന്നത് എന്നും ഈ സാഹചര്യത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ ഇന്ദിരാ കാന്റീന്റെ നിർമ്മാണവും തുടർന്ന് ഒരു വർഷത്തേക്കുള്ള നടത്തിപ്പും ടി സ്ഥാപനത്തിന് ഏൽപ്പിക്കുന്നത് സംബന്ധിച്ച് കൌൺസിൽ അംഗീകാരത്തിനായി അജണ്ട സമർപ്പിക്കുവാനും ബഹു.മേയർ നിർദേശിച്ചിട്ടുണ്ട് . വിഷയം കൌൺസിൽ പരിഗണനയ്ക്ക് .
കുറിപ്പ് - പ്രസ്തുത നിർമ്മാണത്തിന് CSR ഫണ്ട് അനുവദിക്കാമെന്ന് IDBI ബാങ്ക് സമ്മതിച്ചിട്ടുള്ളതാണ് . ഇംപ്ലിമെന്റിംഗ് ഏജൻസിക്കാണ് തുക കൈമാറുന്നത്

9. **വിഷയം (ഫയൽ നമ്പർ - 5174699-2026)**

തൃശ്ശൂർ കോർപ്പറേഷൻ- ആരോഗ്യ വിഭാഗം(PH3) - 2026 വർഷത്തെ പുലിക്കളി മഹോത്സവം - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ഓണാഘോഷത്തോടനുബന്ധിച്ച് നടത്തി വരുന്ന പുലിക്കളി മഹോത്സവം, കുമ്മാട്ടിക്കളി, ഡിവിഷൻതല ഓണാഘോഷം എന്നിവ 2026 വർഷത്തിലും വിപുലമായി സംഘടിപ്പിക്കുന്നതും സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം ധനസഹായവും , സമ്മാനതുകകളും വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച വിഷയം കൗൺസിൽ പരിഗണനക്കായി.
2025 വർഷം അനുവദിച്ച ധനസഹായം

1. പുലിക്കളി സംഘം = 312500/-
2. കുമ്മാട്ടി സംഘം = 39063/-
3. ഡിവിഷൻതല ഓണാഘോഷം= 46785/-

2025 വർഷം പുലിക്കളിസംഘങ്ങൾക്ക് അനുവദിച്ച സമ്മാനതുകകൾ

| SL.No | Item | First prize | Second prize | Third prize |
|---|---|---|---|---|
| 1 | പുലിക്കളി സംഘം | 62500 രൂപയും ട്രോഫിയും | 50000 രൂപയും ട്രോഫിയും | 43750 രൂപയും ട്രോഫിയും |
| 2 | നിശ്ചല ദൃശ്യം | 50000 രൂപയും ട്രോഫിയും | 43750 രൂപയും ട്രോഫിയും | 37500 രൂപയും ട്രോഫിയും |
| 3 | ഹരിത വണ്ടി | 62500 രൂപയും ട്രോഫിയും | 31250 രൂപയും ട്രോഫിയും | 18750 രൂപയും ട്രോഫിയും |
| 4 | പുലിക്കൊട്ട് | 12500 രൂപയും ട്രോഫിയും | 9375 രൂപയും ട്രോഫിയും | 6250 രൂപയും ട്രോഫിയും |
| 5 | പുലിവേഷം | 12500 രൂപയും ട്രോഫിയും | 9375 രൂപയും ട്രോഫിയും | 6250 രൂപയും ട്രോഫിയും |
| 6 | പുലിവണ്ടി | 12500 രൂപയും ട്രോഫിയും | 9375 രൂപയും ട്രോഫിയും | 6250 രൂപയും ട്രോഫിയും |
| 7 | അച്ചടക്കം | 17500 രൂപയും ട്രോഫിയും | - | - |
| 8 | പുലിവര | 12500 രൂപയും ട്രോഫിയും | 9375 രൂപയും ട്രോഫിയും | 6250 രൂപയും ട്രോഫിയും |

കുറിപ്പ്:1. 18/07/2026 ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റിയിൽ പുലിക്കളി സംഘങ്ങൾക്കുള്ള ധനസഹായം 3,50,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ്.

2. ഓരോ ഡിവിഷനിൽ നിന്നും 2 കുമ്മാട്ടി സംഘങ്ങൾക്കാണ് ധനസഹായം അനുവദിച്ചു വരുന്നത്. സ്റ്റിയറിംഗ് കമ്മിറ്റി ഒരു സംഘത്തിന് 50,000/- രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ്.

3.സ്റ്റിയറിംഗ് കമ്മിറ്റി ഡിവിഷൻതല ഓണാഘോഷത്തിന് 55000/- രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ്.

4.പുലിക്കളിയിൽ ഹരിതവണ്ടി ഒഴിവാക്കി പകരം സമകാലിക വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ടാബ്ലോ ഉൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള പ്രകാരം സമ്മാനതുകകൾ വർദ്ധിപ്പിക്കുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതാണ്.

| | First Prize | Second Prize | Third prize |
|---|---|---|---|

| | | | |
|---|---|---|---|
| പുലിക്കളി സംഘം | 70000 രൂപയും ട്രോഫിയും | 60000രൂപയും ട്രോഫിയും | 50000 രൂപയും ട്രോഫിയും |
| നിശ്ചല ദൃശ്യം(പുരാണം) | 55000 രൂപയും ട്രോഫിയും | 45000 രൂപയും ട്രോഫിയും | 40000 രൂപയും ട്രോഫിയും |
| നിശ്ചല ദൃശ്യം(സമകാലികം) | 50000 രൂപയും ട്രോഫിയും | 40000 രൂപയും ട്രോഫിയും | 30000 രൂപയും ട്രോഫിയും |
| പുലിക്കൊട്ട് | 13000 രൂപയും ട്രോഫിയും | 10000 രൂപയും ട്രോഫിയും | 7000 രൂപയും ട്രോഫിയും |
| പുലിവേഷം | 13000 രൂപയും ട്രോഫിയും | 10000 രൂപയും ട്രോഫിയും | 7000 രൂപയും ട്രോഫിയും |
| പുലിവണ്ടി | 13000 രൂപയും ട്രോഫിയും | 10000 രൂപയും ട്രോഫിയും | 7000 രൂപയും ട്രോഫിയും |
| അച്ചടക്കം | 20000 രൂപയും ട്രോഫിയും | - | - |
| പുലിവര | 13000രൂപയും ട്രോഫിയും | 10000രൂപയും ട്രോഫിയും | 7000രൂപയും ട്രോഫിയും |
| പുലിചമയം | 10000 രൂപയും ട്രോഫിയും. | 7500 രൂപയും ട്രോഫിയും | 5000 രൂപയും ട്രോഫിയും |

4.പുലിക്കളിക്ക് കഴിഞ്ഞവർഷത്തെ പോലെ ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.
5.പുലിക്കളി ചമയപ്രദർശനം അതാത് സംഘങ്ങളുടെ പുലിമടകളിൽ ഒരുക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

10. **വിഷയം (ഫയൽ നമ്പർ - 1296349-2026)**

തൃശ്ശൂർ കോർപ്പറേഷൻ -അമൃത് -100 കെഎൽഡി എഫ്എസ്ടിപിയും ആനിമൽ ഷെൽറ്ററും സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ടുകിട്ടുന്നത് സംബന്ധിച്ചു

**വിവരണം**

തൃശൂർ കോർപ്പറേഷൻ അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെട്ട സ്വീവറേജ് & സെപ്റ്റേജ് സെക്ടറിലെ 100 KLD FSTP പ്ലാന്റ് രാമവർമ്മപുരത്തെ സ്നേഹവീടിന് സമീപമുള്ള കോർപ്പറേഷൻ വക സ്ഥലത്ത് സ്ഥാപിക്കുന്നതിനായി ടെണ്ടർ ചെയ്ത് പ്രവർത്തി ആരംഭിച്ച സമയത്ത് പ്രാദേശിക എതിർപ്പ് മൂലം ടി പ്രവർത്തി നടപ്പിലാക്കാൻ സാധിക്കാതെ വരികയും ബഹു. ജോയിന്റ് ഡയറക്ടർ പ്ലാന്റ് നിർമ്മാണ സ്ഥലത്ത് കക്ഷിരാഷ്ട്രീയ നേതാക്കളേയും പ്രാദേശിക വാസികളേയും ഉൾപ്പെടുത്തി യോഗം നടത്തുകയും യോഗത്തിൽ ശക്തമായ എതിർപ്പുകൾ ഉയർന്നതിനെ തുടർന്ന് ബഹു. ജില്ലാ കളക്ടർ പല ഘട്ടങ്ങളിലായി വിവിധ യോഗങ്ങൾ കൂടിയെങ്കിലും ടി സ്ഥലത്ത് പ്ലാന്റ് നിർമ്മിക്കാൻ കഴിയാതെ വരികയും അമൃത് 1.0 കാലാവധി അവസാനിച്ചതിനാൽ ടി പ്രവർത്തി റദ്ദ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു.

ആയതിനെ തുടർന്ന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ടി പ്രവർത്തിയ്ക്ക് 10/11/2025 ലെ ജി.ഒ.(ആർ.ടി) നമ്പർ 2787/2025/എൽ.എസ്.ജി.ഡി. പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. മേൽ പ്രസ്താവിത FSTP യും ആനിമൽ ഷെൽട്ടറും സ്ഥാപിക്കുന്നതിനായി ഐ.എം.എ ബ്ലഡ് ബാങ്കിന് സമീപത്തായുള്ള ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം വിട്ടു കിട്ടുന്നതിനായി ബഹു. ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതും ബഹു. ജില്ലാ കളക്ടർ ഈ വിഷയത്തിൽ വിവിധ യോഗങ്ങൾ വിളിക്കുകയും അനുകൂലമായ നിലപാട് സ്വീകരിച്ച് തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. മുൻപ് വിൽവട്ടം പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽ ബ്ലഡ് ബാങ്ക് കെട്ടിടം പണിയുന്നതിനായി ജില്ലാ പഞ്ചായത്തിന് വിട്ടു നൽകുകയും ജില്ലാ പഞ്ചായത്ത് ഐ.എം.എ യുമായി എഗ്രിമെന്റ് വെച്ച സ്ഥലമാണ് മേൽ പ്രസ്താവിത FSTP നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്.

അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിലവിൽ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത് എന്നുള്ളതിനാൽ ഏറ്റവും അടിയന്തിരമായി സ്ഥലം ലഭ്യമാക്കി നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്.

കൂടാതെ തെരുവു നായ്ക്കളെ പിടികൂടി സുരക്ഷിതമായി മാറ്റി പാർപ്പിക്കുവാൻ ഷെൽട്ടറുകൾ നിർമ്മിക്കുവാൻ ബഹു. സുപ്രീം കോടതിയുടേയും ആയതിനെ തുടർന്ന് ബഹു.സർക്കാരിന്റേയും ഉത്തരവുകളും നിലവിലുള്ളതാണ്.

മുകളിൽ പരാമർശിച്ച സ്ഥലം രണ്ടു ഏക്കർ 11 സെന്റ് ഏരിയയാണ് ഉള്ളത്. മേൽ സ്ഥലത്ത് നിന്നും മിനിമം ഒന്നേമുക്കാൽ ഏക്കറെങ്കിലും വിട്ടു കിട്ടിയാൽ ഈ രണ്ടു സംവിധാനങ്ങളും അടിയന്തിരമായി പൂർത്തിയാക്കുവാൻ നഗരസഭയ്ക്ക് കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത സ്ഥലം കോർപ്പറേഷന് വിട്ടു കിട്ടുന്ന നടപടികൾക്കായി വിഷയം ബഹു.കൗൺസിൽ പരിഗണനയ്ക്ക്

കുറിപ്പ്-

1) നിലവിൽ 100 കെ.എൽ.ഡി. യുടെ FSTP നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ കപ്പാസിറ്റി 150 കെ.എൽ.ഡി ആയെങ്കിലും ഉയർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

2) 10/11/2025 ലെ ജി.ഒ.(ആർ.ടി) നമ്പർ 2787/2025/എൽ.എസ്.ജി.ഡി. പ്രകാരം 5 MLD Decentralized Sewerage Scheme for Thrissur Corporation ( STP at Kokkala with Septage Co-Treatment Plant and associated net work and 100 KLD FSTP) എന്ന പ്രവർത്തിയ്ക്ക് 118.88 കോടി രൂപ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. 100 KLD FSTP യുടെ

നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകദേശം 6 കോടിയോളം രൂപ ചിലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

11. **വിഷയം (ഫയൽ നമ്പർ - 6039382-2026)**

തൃശ്ശൂർ കോർപ്പറേഷൻ-URBANCHALLENGE FUND-ഉപയോഗപ്പെടുത്തി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ചു

**വിവരണം**

നഗര തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യങ്ങളും സേവന വിതരണവും മെച്ചപ്പെടുത്തുന്നതിനും സംയോജിത പ്രാദേശിക വളർച്ചയും സുസ്ഥിരമായ നഗരവികസനവും ലക്ഷ്യമിട്ട് ഭാരത സർക്കാർ ആരംഭിച്ച ഒരു നൂതന സംരംഭമാണ് Urban Challenge Fund (UCF). ദ്രുതഗതിയിലുള്ള നഗര ജനസംഖ്യാ വളർച്ചയും അടിസ്ഥാന സൌകര്യ ആവശ്യങ്ങളും പരിഹരിക്കുന്നതിനായി ലക്ഷ്യമിട്ട Urban Challenge Fund -ൻറെ മാർഗ്ഗനിർദ്ദേശങ്ങൾ ഭവന നഗരകാര്യ മന്ത്രാലയം 2026 ഏപ്രിൽ 15 ന് പുറത്തിറക്കിയിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനായി ആവിഷ്ക്കരിച്ച ഈ പദ്ധതിയുടെ ആവശ്യത്തിലേയ്ക്കായ ഫണ്ടിൻറെ 25 % തുക കേന്ദ്രവിഹിതമായി ലഭിക്കുന്നതാണ്. 25 % തുക തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായും 50 ശതമാനം വിഹിതംനിർബന്ധമായും വായ്പയായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും (തനതു /പി പി പി /വായ്പ ) കണ്ടെത്തേണ്ടതാണ്.. പദ്ധതി നിർവ്വഹണം നടത്തുന്നതിലേയ്ക്ക് വായ്പ ഇനത്തിൽ ലഭിയ്ക്കേണ്ട തുക HUDCO പോലെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുംലഭ്യമായ്ക്കേണ്ടതാണ്.തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ Urban Challenge Fund ഉപയോഗപ്പെടുത്തിഏറ്റെടുക്കേണ്ട പ്രവർത്തികൾ തീരുമാനിക്കുന്ന വിഷയവുംഡിപിആർ തയ്യാറാക്കേണ്ടുന്ന വിഷയവും ബഹു. കൌൺസിൽ പരിഗണനക്ക്

കുറിപ്പ്:1.Digital Governance
2.Development of trunk infrastucture
3.Circularity
4.Projects for decongestion
5.Last mile connectivity infrastructure project
6.Revitalisation of old city areas (5 sq.km-20 sq.km)
7.Redevelopment of old markets
8.Non-motorised transport infrastructure -Indicative projects
9.Transit Hub upgradation
10.TOD infrastructure development-infrastructure projects pertaining to transformation of TOD aeas for planned densification
11.Projects for prevention of urban flooding
12.Integrated waste processing
13.Green field/semi greenfield city infrastructure
14.development of road infrastucture and flyovers
15.Riverfront developmet in the city
16.Uncovered projects under different schemes

17.Projects required for implementation of reforms like land bank inventory system etc will also be supported through UCF project fund
18.Projects aimed at relocating small dairy enterprises with milch cattle from within the city limits shall be supported through UCFprojects
19.development of convention centres
20.development of recreation spaces
21.creating state of art public libraries
22.Sports infrastructure
എന്നിങ്ങനെയുള്ള 22 മേഖലകളിൽ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണ് .

2. ലോൺ ഉപയോഗപ്പെടുത്തി ചെയ്യുന്ന പ്രോജക്റ്റ് ആയതിനാൽ ലോൺ അടവാക്കുവാൻ ഉതകുന്ന രീതിയിൽ നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്ന പ്രൊജെക്ടുകൾ ഏറ്റെടുക്കുന്നതാണ് അഭികാമ്യം .
3. ഈ വിഷയത്തിലുള്ള മാർഗ നിർദേശങ്ങൾ അന്യത്ര ചേർക്കുന്നു
4. ഇതുമായി ബന്ധപ്പെട്ട പദ്ധതികളും അനുബന്ധ രേഖകളും അടിയന്തിരമായി ബഹു.സർക്കരിലേക്ക് സമർപ്പിക്കേണ്ടതാണ്

12. **വിഷയം (ഫയൽ നമ്പർ - 1333087-2026)**

BIO CNG Plant നിർമ്മാണം സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷന്റെ 30 TPD CBG (Compressed Bio Gas) പ്ലാന്റ് പ്രൊജക്ടിന്റെ നിർമ്മാണം ഏകദേശം അവസാനഘട്ടത്തിൽ ആണ്. ടി പദ്ധതിയുടെ ഒന്നാം ഫേസിൽ ഗ്യാസ് പ്രൊഡക്ഷൻ വരെയുള്ള യൂണിറ്റുകൾ ആണ് ഉള്ളത്. ഇതിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനത്തിന് അഡീഷണൽ ആയി Rejected Waste to Ash , Bio CNG Filling Station with office building (Single Pump) , Fertilizer packing unit, Cascade unit (Cylinder Bottling Unit എന്നിവയുടെ ഇൻസ്റ്റലേഷൻ അത്യാവശ്യമാണ്. ആയതിലേയ്ക്ക് ഏകദേശം 4.7 കോടി രൂപയുടെ പദ്ധതി അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.മേൽ പദ്ധതികൾ ഏറ്റെടുക്കുന്ന വിഷയം കൌൺസിൽ പരിഗണനക്ക് .
ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 30 ടൺ ബയോ വേയ്സ്റ്റ് (ജൈവ മാലിന്യം) ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി ആദ്യഘട്ടം എന്ന നിലയിൽ പഴയ തൃശൂർ മുനിസിപ്പൽ ഏരിയയിൽ ഉള്ള എല്ലാ ഹോട്ടലുകൾ, ഫ്ളാറ്റുകൾ, വീടുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ജൈവ മാലിന്യം ശേഖരിക്കേണ്ടതായിട്ടുണ്ട്. ന്നു.ആയത് സംബന്ധിച്ച് നിലവിലുള്ള സംവിധാനവും ടി പ്രദേശങ്ങളിൽ നിന്ന് എത്രത്തോളം ജൈവ മാലിന്യം (Per day) ശേഖരിക്കാം എന്ന കണക്ക് ലഭ്യമാക്കുവാൻ നഗരസഭ ആരോഗ്യ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സി.ബി.ജി പ്ലാന്റിന്റെ പ്രവർത്തനവും ജൈവ മാലിന്യ ശേഖരണവും ഏതുവിധത്തിൽ ആണ് (Agency/Haritha Karma Sena, ഇമ്പ്ലിമെന്റിംഗ് ഏജൻസി, etc..) നടപ്പിലാക്കേണ്ടതെന്ന് തീരുമാനിക്കുന്നതിനും ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെങ്കിൽ ഗ്യാസ്/വളം ഉൽപ്പാദനത്തിൽ നിന്നും ലഭ്യമാകുന്ന വരുമാനം എന്നിവ കൂടി കണക്കാക്കേണ്ടതായ വിഷയവും ബഹു. കൗൺസിലിന്റെ അറിവിലേയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു

13. **വിഷയം (ഫയൽ നമ്പർ - 258602-2025)**

തൃശൂർ കോർപ്പറേഷൻ - special assistance to states for capital investment 23-24 പ്രകാരം ലഭിച്ച 13 കോടി രൂപയുടെ ധനസഹായം ഉപയോഗിച്ച് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിൽ സോളാർ പവർ പാനൽ സ്ഥാപിക്കുന്ന വിഷയവും - പ്രാഥമികപ്രൊപോസൽ ബഹു ടെക്നിക്കൽകമ്മിറ്റിക്ക് സമർപ്പിക്കുന്ന വിഷയവും സംബന്ധിച്ചു

**വിവരണം**

തൃശൂർ കോർപ്പറേഷൻ - special assistance to states for capital investment 23-24 പ്രകാരം ലഭിച്ച 13 കോടി രൂപയുടെ ധനസഹായം ഉപയോഗിച്ച് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിൽ സോളാർ പവർ പ്ലാന്റ്സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിലേക്കു PMC ആയി ടെണ്ടർ ചെയ്യുകയും 24/10/25 നു തുറന്ന ടെണ്ടറിൽ കുറഞ്ഞ സെന്റേജ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന **Kerala Electrical and Allied Engineering Co. Ltd** എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് 7/2/26 ലെ ബഹു.കൌൺസിലിന്റെ തീരുമാനം നമ്പർ 34 പ്രകാരം തീരുമാനിച്ചു.
25/5/26 നു ബഹു മേയറുടെ ചേംബറിൽ കൂടിയ യോഗതീരുമാനപ്രകാരം നടത്തിയ സംയുക്ത പരിശോധനയിൽ തിരഞ്ഞെടുത്ത സ്ഥലങ്ങൾ,എസ്റ്റിമേറ്റ് തുകഎന്നിവ ചുവടെ ചേർത്തിരിക്കുന്നു.
1.skywalk balance area--11232996/-
2.sakthan busstand roof top--54407396/-
3.sakthan bus stand shopping complex--4556641/-
4.mother & child care hospital--12892505/-
5.govt.model higher secondary school--12892505/-
6.corporation office building--12032539/
7.govt.model girls high school--4523308/-
8.chembukkavu shopping complex--4581279/-
9.community hall-2927851/-
10.tagore centenary hall-13218592/-
total (approximate )---13.35 cr
മേൽപ്രസ്താവിതസ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന വിഷയവും ആയത് ഉൾപ്പെടുത്തിയുള്ള പ്രാഥമികപ്രൊപോസൽ ബഹു ടെക്നിക്കൽകമ്മിറ്റിക്ക് സമർപ്പിക്കുന്ന വിഷയവും ബഹു കൌൺസിൽ മുൻപാകെ

14. **വിഷയം (ഫയൽ നമ്പർ - 560136-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം- കോർപ്പറേഷൻ വിതരണം ചെയ്യുന്ന ജലത്തിന്റെ നിരക്ക് കാലാനുസൃതമായി പരിഷ്ക്കരിക്കാത്തത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷന് വിതരണം ചെയ്യുന്ന ജലത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ, ബഹു.കൌൺസിലിന്റെ 29/8/2025 തിയതിയിലെ 58-ാം നമ്പർ തീരുമാനപ്രകാരം നിരക്ക് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൌൺസിലർമാരുടെ അഭിപ്രായം രേഖാമുലം അറിയിക്കുന്നതിന് കത്ത് നൽകുന്നതിനും കൌൺസിലർമാരുടെ അഭിപ്രായം ക്രോഡീകരിച്ച് നിരക്ക് വർദ്ധനവിന്റെ പ്രൊപ്പോസൽ തയ്യാറാക്കാൻ ധനകാര്യ

കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നതാണ്. ആയതുപ്രകാരം അഭിപ്രായം രേഖപ്പെടുത്തി നൽകുന്നതിന് അറിയിച്ചുകൊണ്ട് കൌൺസിലർമാർക്ക് 25/9/2025 തിയതിയിൽ 560136/2025 നമ്പർ പ്രകാരം കത്ത് നൽകിയിരുന്നു. കൌൺസിലർമാരുടെ അഭിപ്രായം ലഭ്യമാകാത്ത സാഹചര്യത്തിൽ ടി വിഷയം ബഹു.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നതിൽ ബഹു.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17/10/2025 തിയ്യതിയിലെ 47-ാം നമ്പർ തീരുമാന പ്രകാരം 29.10.2025 നു മുമ്പായി കൌൺസിലർമാരുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് വീണ്ടും കത്ത് നൽകുന്നതിനും അഭിപ്രായം രേഖപ്പെടുത്താത്ത പക്ഷം ആയത് കൌൺസിലർമാരുടെ ബാധ്യതയാകുന്നതാണ് എന്നുള്ള വിവരം കൌൺസിലർമാരെ അറിയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കോർപ്പറേഷൻ വിതരണം ചെയ്യുന്ന ജലത്തിന്റെ നിരക്ക് കാലാനുസൃതമായി പരിഷ്കരിക്കാത്തത് സംബന്ധിച്ച് ഖണ്ഡിക1-162(5) പ്രകാരം പരാമർശമുള്ളതാണ്. 17/05/93 ലെ 1464/ഫിൻ /93/എൽ.എ.ഡി ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റി ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ വെള്ളക്കരം ഈടാക്കാൻ പാടില്ലെന്നും, നിലവിൽ വാട്ടർ അതോറിറ്റി നിരക്കുകളേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കോർപ്പറേഷൻ വാട്ടർ ചാർജ്ജ് ഈടാക്കുന്നതെന്നും ഇത് വൻതോതിതിലുള്ള വരുമാന ശോഷണത്തിന് ഇടയാക്കുന്നെന്നും പരാമർശിച്ചിരുന്നു KWA 10000 ലിറ്ററിന് 144.10/- രൂപ ഈടാക്കുമ്പോൾ കോർപ്പറേഷൻ 13 രൂപ മാത്രമാണ് (ഡൊമസ്റ്റിക്ക് കണക്ഷൻ ) ഈടാക്കി വരുന്നത്. 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും വെള്ളക്കരം നിരക്ക് പരിഷ്ക്കരിക്കാത്തത് സംബന്ധിച്ച് പരാമർശമുള്ളതാണ് .

വെള്ളക്കരം നിരക്ക് കാലാനുസൃതമായി പരിഷ്ക്കരിക്കുന്ന വിഷയം ബഹു .കൗൺസിലിന്റെ അടിയന്തിര പരിഗണനക്കും തീരുമാനത്തിനുമായി സമർപ്പിക്കുന്നു..

**കുറിപ്പ് :-**

1. ടി വിഷയം 24/08/2024 ന് ചേർന്ന ബഹു. കൗൺസിൽ യോഗത്തിൽ 79-ാം നമ്പർ തീരുമാനം പ്രകാരം പഠനാർഹമായി മാറ്റിവെച്ചിരുന്നതും , തുടർന്ന് അജണ്ട വീണ്ടും സമർപ്പിച്ചതിൽ 30.04.2025 ലെ 46/1 നമ്പർ തീരുമാനം പ്രകാരം വിശദമായ ചർച്ചക്ക് വീണ്ടും മാറ്റിവെച്ചിട്ടുള്ളതാണ് .കൂടാതെ 29/8/2025 കൌൺസിലിന്റെ 29/8/2025 തിയതിയിലെ 58-ാം നമ്പർ തീരുമാനപ്രകാരം നിരക്ക് വർദ്ധിപ്പിക്കുന്നതുനായി ബന്ധപ്പെട്ട് കൌൺസിലർമാരുടെ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതിന് കത്ത് നൽകുന്നതിനും കൌൺസിലർമാരുടെ അഭിപ്രായം ക്രോഡീകരിച്ച് നിരക്ക് വർദ്ധനവിന്റെ പ്രൊപ്പോസൽ തയ്യാറാക്കാൻ ധനകാര്യ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് കാലതാമസ്സം വരുംതോറും ആയത് കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നതും, വരുമാന നഷ്ടം സംബന്ധിച്ച ബാധ്യത കൌൺസിൽ ഉൾപ്പെടെയുള്ള എല്ലാവർക്കും ഉണ്ടാകാനുള്ള സാധ്യതയും കൂടുതലാണ്. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ് എന്നുള്ള വിവരം ഒരിക്കൽ കൂടി ബഹു. കൌൺസിൽ മുമ്പാകെ ബോധിപ്പിക്കുന്നു.
2. വാട്ടർ അതോറിറ്റിയും കോർപ്പറേഷനും ഈടാക്കുന്ന വെള്ളക്കരത്തിന്റെ നിരക്ക് താരതമ്യം ചെയ്യുമ്പോൾ 20 mld വെള്ളത്തിന് ഒരു ദിവസത്തിന് ഏകദേശം 2,62,200/- രൂപയും ഒരുമാസത്തേക്ക് 78,60000/- രൂപയും ഒരു വർഷത്തേക്ക് 9,43,20,000/- യും കോർപ്പറേഷന് നഷ്ടം വരുന്നതായി കാണുന്നു .
3. ബൾക്ക് സപ്ലൈക്കുള്ള വാട്ടർ അതോറിറ്റിയുടെ 16/01/2026 തിയ്യതിയിലെ ബിൽ പ്രകാരം ആകെ അടവാക്കാനുള്ള തുക 76,86,96,823/- രൂപയാണ്. (ബൾക്ക്

സപ്ലൈക്കുള്ള നിരക്ക് നിശ്ചയിക്കുന്ന വിഷയം നിലവിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ ഡിസ്പ്യൂട്ട് റസല്യൂഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്.)

4. വെള്ളക്കരം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം രേഖപ്പെടുത്താത്ത പക്ഷം ആയത് മൂലം കോർപ്പറേഷന് ഉണ്ടായേക്കാവുന്ന വരുമാനനഷ്ടം കണക്കാക്കി ആയതിന്റെ സാമ്പത്തിക ബാധ്യത കൂടി തീരുമാനം എടുക്കുന്നതിന് നിയമാനുസരണം ചുമതലയുള്ള കൗൺസിൽ അംഗങ്ങൾക്ക് വരാവുന്നതാണ്.
5. 04/11/2025 ലെ 30/1 കൗൺസിൽ തീരുമാന പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന പ്രകാരം കോർപ്പറേഷൻ വിതരണം ചെയ്യുന്ന ശുദ്ധ ജലത്തിന്റെ പുതിയ റേറ്റ് നിശ്ചയിക്കണമെന്ന് തീരുമാനിച്ചു. എത്രയാകണം എന്നതിനെ സംബന്ധിച്ചും വാട്ടർ അതോറിറ്റിയുടെ റേറ്റ് തന്നെ ആകണമോ എന്നതിനെ സംബന്ധിച്ചും തീരുമാനമാകേണ്ടതുണ്ട്. ഇതേ സമയം കേരള വാട്ടർ അതോറിറ്റി കോർപ്പറേഷന് നൽകുന്ന വെള്ളത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതിന് ബഹു.സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറക്കോ 2026 ഫെബ്രുവരിയിലോ ടി വിഷയത്തിൽ തീരുമാനമെടുക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്.

15. **വിഷയം (ഫയൽ നമ്പർ - 6213844-2025)**

തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ പഴയ സോണൽ ഓഫീസും പ്രിയദർശിനി ഹാളും പൊളിച്ചുനീക്കിയ സ്ഥലത്ത് കെട്ടിട നിർമാണ പ്രവർത്തി സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ പഴയ സോണൽ ഓഫീസും പ്രിയദർശിനി ഹാളും പൊളിച്ചുനീക്കിയ സ്ഥലത്ത് എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിട നിർമാണ പ്രവർത്തിയ്ക്ക് (ബഹുവർഷ പ്രൊജക്ട്) പ്രോജക്റ്റ് സംഖ്യ 474/21 SO 323/22, SO 165/23, SO1054/24, SO 864/25 എന്നിവ പ്രകാരം ഭരണാനുമതി, ടി പ്രവർത്തിയുടെ 8,11,61,000/- രൂപയുടെ അടങ്കലിനു സാങ്കേതികാനുമതി എന്നിവ ലഭിച്ചിട്ടുള്ളതാണ്. ടി പ്രവർത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. പി.എ. ഇഷാക്ക് എന്നവരുടെ 5,47,61,619/- രൂപയുടെ ടെണ്ടറിന് 28/7/2020 തീയ്യതിയിലെ 50-ം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം ലഭിച്ച് പ്രവർത്തി നടത്തിയിട്ടുള്ളതാണ്. ടി പ്രവർത്തിയുടെ നിർവ്വഹണ വേളയിൽ അംഗീകൃത എസ്റ്റിമേറ്റിൽ സ്ട്രക്ച്ചറൽ ഡ്രോയിംഗിൽ നിന്നും ചില വ്യതിയാനങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ ടി.എസ്. തുകയിൽ നിന്ന് അധികരിക്കാതെ തയ്യാറാക്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന വിഷയവും, ടി പ്രവർത്തിയുടെ IVth പാർട്ട് ബില്ല് അനുവദിച്ചിരുന്ന സമയത്ത് പ്രൊജക്ട് നം. 1054/24 പ്രകാരം പ്രവർത്തിയുടെ വിഭവസ്രോതസ്സ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 7681000/- രൂപ വികസന ഫണ്ട് 12500000/- എന്നിങ്ങനെയായിരുന്നു.വികസന ഫണ്ടിൽ ബാലൻസ് ഇല്ലാത്തതിനാൽ കരാറുകാരന് അനുവദിക്കേണ്ട ബാലൻസ് തുകയായ 4548302/- രൂപ തനത് ഫണ്ടിൽനിന്ന് അനുവദിക്കുന്നതിന് ബഹു. മേയർ നൽകിയിട്ടുള്ള മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയവും കൌൺസിൽ പരിഗണനക്ക്.

16. **വിഷയം (ഫയൽ നമ്പർ - 5549373-2026)**

തൃശ്ശൂർ കോർപ്പറേഷൻ 2024-25, 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ ടെണ്ടർ/റീ ടെണ്ടർ എന്നിവക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2024-25, 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ 20.06.2026,24.06.2026,27.06.2026 തിയതിയിലെ ടെണ്ടർ/റീ ടെണ്ടർ എന്നിവക്ക് തയ്യാറാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ പട്ടിക ബഹു കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | Quoted Rate |
|---|---|---|---|
| | TENDER OPENING DATE 20.06.2026 | | |
| PW1-4099913/26 | തൃശൂർ കോർപറേഷൻ 2025-26 ഒല്ലൂർ സോണൽ ഡിവിഷൻ 24 ജി എച് എസ് എസ് അഞ്ചേരി സ്കൂൾ അറ്റകുറ്റപണി PRO NO-914/26,SINOJ B DEVASSY | 1067207 | 932376.74 |
| PW3-1893494/26 | തൃശ്ശൂർ കോർപ്പറേഷൻ ഈസ്റ്റ് സോണൽ മോഡൽ girls അറ്റകുറ്റപണികൾ. JEESON K P | 134574 | 134574.84 |
| PW4-2149128/26 | തൃശൂർ കോർപ്പറേഷൻ 2025-26 അയ്യന്തോൾ സോണൽ ഡിവിഷൻ 47 പുല്ലഴി വായനാശാല നവീകരണവും അനുബന്ധ പ്രവർത്തികളും ( Re tender) PRO NO-375/26,DIV-47, | 338809 | 304824.9 |

| | | | |
|---|---|---|---|
| | ANAND T THAZHATHA | | |
| PW4-2404756/26 | തൃശൂർ കോര്പറേഷന് 2025 -26 അയ്യന്തോൾ സോണൽ ഡിവിഷൻ 48 വിവിധ അഗൻവാടികളുടെ അറ്റകുറ്റപണികൾ PRO NO-386/26,DIV-48,JEESON K P | 144584 | 144584.08 |
| PW4-4024621/26 | തൃശ്ശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ ഡിവിഷൻ 53 പ്രിയധർഷിനി റോഡ് ഉയർത്തി ടാറിംഗ് ചെയ്യുന്ന പ്രവൃത്തി, PRO NO-478/26,DIV-53, DONSON N A | 1015127 | 908794.5 |
| PW4-4024457/26 | അയ്യന്തോൾ -സിവിൽ സ്റ്റേഷൻ അംങ്കണവാടി പൂർത്തീകരണം,PRO NO-2198/26, K A MOHAMMED | 969409 | 968073.94 |
| PW5-4705411/26 | തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി സോണൽ തോട് വൃത്തിയാക്കുന്ന പ്രവർത്തി.DIV-32.33.41.43, JOSE A O | 194527 | 194527.3 |

| | | | |
|---|---|---|---|
| | TENDER OPENING DATE-24.06.2026 | | |
| PW5-1252331-24 | തൃശ്ശൂർ നഗരസഭ വിൽവട്ടം സോണലിലെ തെരുവുവിളക്കുകൾ പരിപാലിക്കുന്ന പ്രവർത്തി.SUIJITH ELECTRICA | | 2152893 |
| PW5-1294173-24 | തൃശ്ശൂർ നഗരസഭ ഒല്ലൂക്കര സോണലിലെ തെരുവുവിളക്കുകൾ പരിപാലിക്കുന്ന പ്രവർത്തി.SUJITH ELECTRICA | | 1973394 |
| PW5-1222943/24 | തൃശ്ശൂർ നഗരസഭ സെൻട്രൽ സോണലിലെ തെരുവുവിളക്കുകൾ പരിപാലിക്കുന്ന പ്രവർത്തി.SUJITH ELECRTICA | | 3037926 |
| | TENDER OPENING DATE-27.06.2026 | | |
| PW7-5050850/26 | തൃശ്ശൂർ കോർപറേഷൻ വിൽ വട്ടം സോണൽ 2026-27 ഡിവിഷൻ 7 മാരാർ റോഡ് സുര്യ ക്ലബ് ജങ്ക്ഷൻ മുതൽ അടിയറ ബസ് സ്റ്റോപ്പ് വരെ അടിയറ അങ്കണവാടി ക്ക് മുൻവശം കാന കവർ സ്ലാബ് നിർമ്മാണം.PRO | 1694784 | 1580856.25 |

| | | | |
|---|---|---|---|
| | NO-362/26,DIV-7, JILJO C JOSE | | |
| PW7-3938516/26 | തൃശ്ശൂർ കോർപറേഷൻ വിൽ വട്ടം സോണൽ ഡിവിഷൻ 6 രാമവർമപുരം Govt.HS & VHSS അടിയന്തിര ഇലക്ട്രിക്കൽ വർക്കും അറ്റകുറ്റപണികക ളും.BIJU JOSE | 290461 | 284769 |

17. **വിഷയം (ഫയൽ നമ്പർ - 5629847-2025)**

Thrissur corporation-Amrut-Purchase of truck mounted boom lift - എന്ന പ്രവൃത്തി റീടെൻഡർ ചെയ്യുന്നത് സംബന്ധിച്ച്

**വിവരണം**

Thrissur corporation-Amrut1.0-urban transport -Skywalk എന്ന പ്രൊജെക്ടിന്റെ അഡീഷണൽ പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടുള്ള -Purchase of truck mounted boom lift(15m),2 nos Heavy duty wet & dry vacuum cleaner,2 nos High pressure washer,1 no indoor automatic floor scrubber commercial driving floor cleaning machine etc for skywalk maintenance work എന്നിവക്കായി 50 ലക്ഷം രൂപ ലഭിച്ചിരുന്നതും,തുടർന്ന് -urban transport -Skywalk -എന്ന പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി 6.05 കോടി രൂപയായി ബഹു സർകാർ ഉത്തരവും(g.o(rt) no.2785/2025/lsgd dtd 10/11/250 ബഹു കൌൺസിലനുമതിയും (resolution no 65/1 dtd 30/4/25)ലഭിച്ചിട്ടുണ്ട്
1) Purchase of Pressure washer- Rs. 15818.00
2) Purchase of Vacuum cleaner-Rs.16000.00
എന്നിവ യുടെ payment നൽകിയിട്ടുള്ളതാണ്.
3) Purchase of Floor scrubber നു Rs.100,000.00 വകയിരുത്തി GEM portal വഴി ടെൻഡർ ചെയ്തിട്ടുള്ളതാണ്.
4)Additional 160 KVA transformer for Skywalk നു Rs.800,000.00 വകയിരുത്തി പ്രവർത്തി ടെൻഡർ ചെയ്തിട്ടുള്ളതാണ്.
ടി പ്രവർത്തിയിൽ ഉള്ള ബാലൻസ് തുക Rs.40,68,182.00 .
Purchase of truck mounted boom lift(15m) 2 തവണ gem വഴി ടെണ്ടർ ചെയ്തെങ്കിലും ലഭിച്ച 2 ബിഡുകൾ(estimated bid value-20 ലക്ഷം ) റജിസ്ട്രേഷൻനടപടികൾ തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ഇല്ലാത്തത്തിനാൽ അപൂർണ്ണമായ ബിഡുകൾ ആയി കണക്കാക്കിയിട്ടുള്ളതും തുടർന്നു Specification പരിശോധിച്ചപ്പോൾ റജിസ്ട്രേഷൻ നടപടികൾക്കുള്ള തുക അപര്യാപ്തമാണെന്ന് അമൃത് വിഭാഗതിൽ നിന്നും റിപ്പോർട് ചെയ്യുകയും ആയതിലേക്ക് അഡീഷനൽ തുക

ആവശ്യമാണെന്നു വിഷയം 13/5/26 തീയതിയിൽ ബഹു മേയറുടെ അധ്യക്ഷതയിൽ ചേർന്ന അമൃത് 1.0 യോഗത്തി ൽ അവതരിപ്പിക്കുകയും അധികമായി വരുന്ന തുക ടി വർക്കിലെ സേവിംഗ്സിൽ നിന്നു എടുത്തു AS തുകയിൽ അധികരിക്കാതെ retender നടപടികൾ കൈകൊള്ളുന്നതിന് യോഗം തീരുമാനിക്കുകയും ചെയ്തു .അധികമായി വരുന്ന തുക ടി വർക്കിലെ സേവിംഗ്സിൽ നിന്നു എടുത്തു AS തുകയിൽ അധികരിക്കാതെ retender നടപടികൾ കൈകൊള്ളുന്നതിലേക്ക് വിഷയം ബഹു കൗൺസിൽ പരിഗണനക്ക്.

18. **വിഷയം (ഫയൽ നമ്പർ - 277830-2025)**

അമൃത് 2.0 സീവറേജ് & സെപ്റ്റെജ് സെക്റ്ററിൽ ഉൾപ്പെട്ട സിവറേജ് പദ്ധതികൾ സംയോജിപ്പിക്കുന്നതു -അംഗീകാരം ലഭിച്ച വിഷയം -അറിയിക്കുന്നത് സംബന്ധിച്ച്

**വിവരണം**

അമൃത് 2.0 സീവറേജ് & സെപ്റ്റെജ് സെക്റ്ററിൽ ഉൾപ്പെട്ട 5 MLD sewerage scheme for Thrissur Corporation Poonkunnam- Kottappuram area , Decentralised sewerage scheme for Thrissur Corporation എന്ന പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് 5 MLD Decentralized Sewerage Scheme (STP at Kokkala with Septage Co-treatment & Associated Network, and 100 KLD FSTP)- 118.88 Cr (Capital Expenditure -109.06 Cr, Operating Expenditure - 9.82 Cr)എന്ന പ്രവർത്തിക്ക് G.O.(Rt)No.2787/2025/LSGD തീയതി 10-11-2025 പ്രകാരം അംഗീകാരം ലഭിച്ചു. ടി വിഷയം ബഹു കൗൺസിൽ അറിവിലേക്കായി.

19. **വിഷയം (ഫയൽ നമ്പർ - 277830-2025)**

Thrissur Municipal corporation AMRUT2.0-5 MLD decentralised STP - approved EoI floating tender വിളിക്കുന്നത് സംബന്ധിച്ചു

**വിവരണം**

അമൃത് 2.0 സീവറേജ് & സെപ്റ്റെജ് സെക്റ്ററിൽ ഉൾപ്പെട്ട 5 MLD sewerage scheme for Thrissur Corporation Poonkunnam- Kottappuram area , Decentralised sewerage scheme for Thrissur Corporation എന്ന പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് 5 MLD Decentralized Sewerage Scheme (STP at Kokkala with Septage Co-treatment & Associated Network, and 100 KLD FSTP)- 118.88 Cr (Capital Expenditure -109.06 Cr, Operating Expenditure - 9.82 Cr)എന്ന പ്രവർത്തിക്ക് G.O.(Rt)No.2787/2025/LSGD തീയതി 10-11-2025 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ് . ആയതിലേക്ക് തയ്യാറാക്കിയ "Expression of Interest" ബഹു ചീഫ് എഞ്ചിനീയരുടെ ഓഫീസിൽ നിന്നും അംഗീകരിച്ച് ലഭിച്ചിട്ടുള്ളതാണ് .അംഗീകാരം ലഭിച്ച E.O.I പ്രകാരം ഫ്ലോട്ടിങ് ടെണ്ടർ വിളിക്കുന്നതിനായി ബഹു മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്.ബഹു .മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു കൌൺസിൽ മുൻപാകെ

20. **വിഷയം (ഫയൽ നമ്പർ - 2279879-2024)**

തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ പ്രദേശങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി പ്രൊജക്ട് നമ്പർ 1419/2025 പ്രകാരം തനത് ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാവുകയും, അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്നതിന് തീരുമാനം ആവുകയും, 9/10/2024 ൽ പി.എം.സി മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കുകയും ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ KEL എന്ന PSU നെ തെരഞ്ഞെടുക്കുകയും ആയതിന് ബഹു. കൗൺസിലിന്റെ 21/11/2024 ലെ 72-ാം നമ്പർ തീരുമാനം ലഭ്യമായിട്ടുള്ളതുമാണ്. ടി പദ്ധതിയിൽ തൃശ്ശൂർ കോർപ്പറേഷന്റെ 101.42 Sq.km പരിധിയിൽ 55 ഡിവിഷനുകളിലായിട്ടാണ് 200 എണ്ണം 10 മീറ്റർ ഹൈറ്റ് ഉള്ള മോട്ടോറോട് കൂടിയ Highmast Light സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തുടർന്ന് സാങ്കേതിക അനുമതി നൽകുന്നതിലേയ്ക്കായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ബഹു. സർക്കാരിലേക്ക് കത്ത് നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ G.O.(Rt) No.2019/2025/LSGD dtd TVM 14.08.2025 ൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

29/04/2026 ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ 200 ഹൈമാസ്റ്റ് ലൈറ്റുകളുടെ ആവശ്യകത നിലവിൽ ഉണ്ടോയെന്നും മിനിമാസ്റ്റ് ലൈറ്റുകൾ കൂടി ഉൾപ്പെടുത്തി പ്രൊജക്ട് പരിഷ്ക്കരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടു. ഇത്രയും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ ഭാവിയിലെ മെയിന്റനൻസ്, വൈദ്യുത ബിൽ എന്നിവയുൾപ്പെടെ കോർപ്പറേഷനുണ്ടായേക്കാവുന്ന അധിക ചെലവ് പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.
തൃശൂർ കോർപ്പറേഷൻ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടില്ലെന്നും ഡി.പി.സി. അംഗീകാരം ലഭ്യമാക്കിയ ശേഷം വീണ്ടും ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി യോഗം കൂടുന്നതിനും തീരുമാനിക്കുകയാണ് ഉണ്ടായത് .
നിലവിൽ സാങ്കേതികാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ ഈ പദ്ധതി Spill Over Project ആയി വരുവാൻ സാങ്കേതിക തടസ്സം ഉള്ളതായി കാണുന്നു. ആയതിനാൽ പുതിയ പ്രൊജക്റ്റ് ഏറ്റെടുക്കുന്ന വിഷയത്തിൽ കൌൺസിൽ തീരുമാനത്തിനായി

21. **വിഷയം (ഫയൽ നമ്പർ - 5644991-2025)**

തൃശൂർ കോർപറേഷൻ - BMBC ROAD AND DRAIN RENOVATION WORK FROM AYYANTHOL KARTHYANI AMBALAM TO MANGO BAKERY - Project No : 1348- എന്ന പ്രവൃത്തിയുടെ ടെണ്ടറിന് ബഹു മേയർ നല്കിയ മുൻകൂർ അനുമതി സാധൂകരണം,എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് സംബന്ധിച്ചു

**വിവരണം**

**THRISSUR CORPORATION BMBC ROAD AND DRAIN RENOVATION WORK FROM AYYANTHOLE KARTHYANI AMBALAM TO MANGO BAKERY - Project No : 1348(Estimate Amt 27,80,000/- )-എന്ന പ്രവൃത്തിക്കായി quotation ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയുണ്ടായി .**
PAUL K O---2355196.17(**Quoted PAC)----L1**
RAPHY.K.O---3602245.64(**Quoted PAC)**
കുറവ് നിരക്ക് 2355196.17 രൂപ രേഖപെടുത്തിയ ശ്രീ K O Paul ന്റെ Quotation, എത്രയും വേഗം പ്രവർത്തി ഏറ്റെടുത്തു നടപ്പിലാക്കാൻ നടപടി എടുക്കണം എന്ന് DDC യിൽ

കർശന നിർദ്ദേശം വന്നതിനാലും ബഹു കൌൺസിൽ അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം എടുക്കാമെന്നതിനാലും ബഹു മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതുമാണ് . പ്രവൃത്തി നിർവഹണത്തിനിടെ റോഡിന്റെ ഒരു വശത്ത് പൈപ്പ് ലൈൻ കട്ടിംഗ് നടത്തിയ ഭാഗം താഴ്ന്ന നിലയിലായിരുന്നതിനാൽ റോഡിന്റെ ഒരു വശം Wet Mix Macadam (WMM) ഉപയോഗിച്ച് ഉയർത്തി യഥാസ്ഥിതിയിലാക്കേണ്ട സാഹചര്യം ഉണ്ടായി. ഇതുമൂലം പ്രസ്തുത ഭാഗത്ത് ഇന്റർലോക്ക് ടൈൽ വിരിക്കുന്ന പ്രവൃത്തി ഒഴിവാക്കി, പകരം മുഴുവൻ ഭാഗവും റീടാറിംഗ് പ്രവൃത്തിയിൽ ഉൾപ്പെടുത്തേണ്ടതായി വന്നു. ഇതിന്റെ ഭാഗമായി ആവശ്യമായ Prime Coat, Tack Coat എന്നിവ ഉൾപ്പെടെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി, എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നു എഞ്ചിനീയറിങ് വിഭാഗം റിപ്പോർട് ചെയ്തിട്ടുണ്ട് .അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരണത്തിനുമായി ബഹു കൌണ്സിൽ മുൻപാകെ

22. **വിഷയം (ഫയൽ നമ്പർ - 5549373-2026)**

തൃശ്ശൂർ കോർപ്പറേഷൻ 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ ടെണ്ടർ/റീ ടെണ്ടർ എന്നിവക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ 06.07.2026, 13.07.2026 തിയതികളിലെ ടെണ്ടർ/റീ ടെണ്ടറിൽ ഉൾപ്പെട്ട താഴെ പറയുന്ന പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ബഹു കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | Quoted Rate |
|---|---|---|---|
| | Tender opening Date 06.07.2026 | | |
| PW3-2703326/26 | തൃശൂർ കോർപ്പറേഷൻ ഈസ്റ്റ് സോൺ 2025-26 കുരിയച്ചിറ അറവുശാല അറ്റകുറ്റപണികൾ. Pro no-1013/26, OWN FUND ,contractor-SHAJIMON K J | 155627 | 155448.95 |
| PW6-146685/25 | പറവട്ടാനി എം സി എഫിലേക്ക് ഇലട്രിക്ക് പ്രവർത്തികൾ അധിക സൗകര്യം. | 415017 | 388838.5 |

| | | | |
|---|---|---|---|
| | Pro No-2233/26,Dev. F und, Contractor-BINSON JOSEPH | | |
| PW4-2404453/26 | തൃശൂർ കോർപ്പറേഷൻ അയ്യന്തോൾ സോണൽ 2025 -26 ഡിവിഷൻ 48 ഒളരി സെന്റർ ടോട്ടു വെങ്കുളം ജംഗ്ഷൻ കടവരം കനാൽ റോഡ് ശാന്തി നഗർ ഗാന്ധിജി നഗർ ഒളരി പുതൂർക്കര ബംഗ്ലാവ് കുന്നു എന്നിവിടങ്ങളിൽ കാന പൊളിച്ചു പണിയൽ പുതിയ കാന സ്ലാബ് നിർമ്മാണം. Pro No-382/26,DEV FIND, Contractor-C V RAJESH | 2711046 | 2711045.81 |
| | Tender opening Date 13.07.2026 | | |
| PW7-4293281/26 | തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടംസോണൽ തെക്കുമുറി റോഡിൽ ബോക്സ് culvert നിർമ്മാണം. Div-8, OWN FUND, Contractor-PADASSERY | 364365 | 349790.53 |
| PW2-5299854/26 | തൃശ്ശൂർ കോർപ്പറേഷൻ 2026-27 വെസ്റ്റ് സോണൽ പി ടി ക്വാർട്ടേഴ്സ് റോഡ് റീട്ടാറിംഗ് ഡിവിഷൻ | 1160442 | 1157742.15 |

| | | | |
|---|---|---|---|
| | 39, Pro No-544/27, Contractor-DONSON N A | | |
| PW2-5344590/26 | തൃശ്ശൂർ കോർപ്പറേഷൻ 2026-27 വെസ്റ്റ് സോണൽ പൂത്തോൾ ബൈ ലൈൻ റോഡ്കുപ്പക്കാട്ടിൽ ലൈൻ കിഴക്കെപ്പുറം റോഡ് കൃഷ്ണനഗർ റീട്ടാറിംഗ് ഡിവിഷൻ 39, Pro No-557/27, Contractor-ANTO T L | 1694654 | 1689478.8 |

23. **വിഷയം (ഫയൽ നമ്പർ - 3821541-2026)**

തൃശ്ശൂർ കോർപ്പറേഷൻ കുരിയച്ചിറ ശാന്തിമന്ദിരം ശ്മശാനം - അടിയന്തിര അറ്റകുറ്റപണികൾ നടത്തുന്നതിന് - എസ്റ്റിമേറ്റിനു ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും - ക്വട്ടേഷൻ നടപടികൾ അംഗീകരിക്കുന്നതും സംബന്ധിച്ച് .

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ കുരിയച്ചിറയിലുള്ള ശാന്തിമന്ദിരം ശ്മശാനം പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര അറ്റകുറ്റപണികൾ നടത്തുന്നതിന് ഇലക്ട്രിക്കൽ കമ്മിറ്റി തയ്യാറാക്കിയ 35000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതും പ്രവർത്തിയുടെ അടിയന്തിര സാഹചര്യം പരിഗണിച്ച് 15/06/2026 തിയതിയിൽ ബഹു മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതുമാണ് . തുടർ നടപടികൾക്കായി 22/06/2026 ലെ നോട്ടീസ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ ക്വട്ടേഷനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു .

1, Bestway Infrastructure(Ranjith)=35000/-രൂപ,

2 ,Dilraj-40,000/-

ആയതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്നത് Best way Infrastructure എന്ന സ്ഥാപനമാണ്.

എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് ബഹു മേയർ മുൻകൂർ അനുമതി നൽകിയിരുന്നത് സാധൂകരിക്കുന്നതിനും ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ തുകക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതിനും ബഹു കൌൺസിൽ പരിഗണനക്കായി സമർപ്പിക്കുന്നു .

24. **വിഷയം (ഫയൽ നമ്പർ - 4805113-2026)**

തൃശ്ശൂർ കോർപ്പറേഷൻ - East , West , Central , Vilvattam , Ollukkara എന്നീ സോണലുകളിലെ Street Light AMC - ടെൻഡർ അംഗീകാരത്തിന് ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു മേയറുടെ ചേംബറിൽ 04 -06 -2026 ന് ചേർന്ന യോഗത്തിലെ 3 നമ്പർ തീരുമാന പ്രകാരം കോർപറേഷ നിലെ മെയിൻ സോൺ ( East , West , Central ), Vilvattam , Ollukkara എന്നീ സോണലുകളിലെ street ലൈറ്റ് കളുടെ സുഗമമായ പരിപാലനത്തിനായി അടിയന്തിരമായി പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബഹു മേയറുടെ നിർദേശം ലഭ്യമായിട്ടുള്ളതാണ്. ആയതിൻ പ്രകാരം മെയിൻ സോൺ ( East , West , Central ), Vilvattam , Ollukkara എന്നീ സോണലുകളിലെ street ലൈറ്റ് കളുടെ പരിപാലനത്തിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സുജിത്ത് ഇലക്ട്രിക്കൽ എന്നവരുടെ ടെണ്ടറുകൾ അംഗീകരിച്ച് സെലക്ഷൻ മെമ്മോ നൽകുന്നതിനും ബഹു മേയറുടെ മുൻകൂർ അനുമതി ലഭ്യമായിട്ടുള്ളതാണ്.

**Ollukkara zonal**

1. Sujith Electrical ( L1 ) - 1973394.00
2. Eran Associates (L2) - 2081300.00
3. Srisakthi Electricals ( L3) - 2126790.00

**Vilvattom zonal**

1. Sujith Electrical ( L1) - 2152893.00
2. Eran Associates ( L2) - 2175616.00
3. Deccan Associates (L3) - 2272350.00

**Cental zone(east, west, central)**

1. Sujith Electrical ( L1) - 3037926.00
2. Deccan Associates (L2 ) - 3252700.00
3. Eran Associates ( L3 ) - 3972865.00
4. UF Electricals LLP ( L4) - 5484450.

ടി വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം പരിഗണിച്ച് ടെണ്ടർ ക്ഷണിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും 30-07-2026 നു ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

കുറിപ്പ്

1.ടെണ്ടർ കാലാവധി- സമ്പൂർണ്ണ LED വത്കരണം പൂർണ്ണമായി നടപ്പിലാകും വരേക്കോ ഒരു വർഷത്തേക്കോ ഏതാണോ ആദ്യം ടി കാലയളവുവരെ

2.ടെണ്ടർ ക്ഷണിച്ചിട്ടുള്ള Street Light ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) 2x40 w Flurorescent Tube
b) S V Lamp & Mercury Lamp
c) Metal Halide( High Mast)
d)LED Bulb 23 V
e) Switching Unit

25. **വിഷയം (ഫയൽ നമ്പർ - 154918-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - സ്വാശ്രയ കുടിവെള്ള പദ്ധതി - തുടർ നടത്തിപ്പ് - സംബന്ധിച്ച്.

**വിവരണം**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന സ്വാശ്രയ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് GO (Rt) No 2141/2000 LSGD dtd 31/05/2000, GO (Rt) No 1275/09 എന്നീ ഉത്തരവുകൾ നിലവിലുള്ളതാണ്. ടി ഉത്തരവുകൾ പാലിച്ചു കൊണ്ട് തൃശ്ശൂർ കോർപ്പറേഷനിലെ സ്വാശ്രയ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് 31/12/24 ൽ കൌൺസിലിൽ അജണ്ട സമർപ്പിക്കുകയും , 4-ാം നം തീരുമാന പ്രകാരം സ്വാശ്രയ കുടിവെള്ള പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും എങ്ങിനെ പരിഹരിക്കാൻ കഴിയും എന്നതിന്റെ റിപ്പോർട്ട് നൽകുന്നതിനായി പൊതുമരാമത്ത് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. ആയത് പ്രകാരം പൊതു മരാമത്ത് കമ്മിറ്റിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് 27/02/25 ലെ കൌൺസിലിൽ സമർപ്പിക്കുകയും ചെയ്തു .

27/02/25 ലെ 73-ാം നം കൌൺസിൽ തീരുമാന പ്രകാരം , വളരെ കുറച്ച് പദ്ധതികൾ മാത്രമാണ് സ്വാശ്രയ കമ്മിറ്റികൾ രൂപീകരിച്ച് സ്വയം പ്രവർത്തിക്കുന്നതെന്നതിനാൽ, ആയതിന് പരിഹാരം കാണു ന്നതിനായി 2018 ലും മറ്റു വിവിധ ഘട്ടങ്ങളിലും എടുത്തത്പോലെ 01/06/2025 നകം സ്വാശ്രയ കമ്മിറ്റികൾ രൂപീകരിച്ച് സ്വയം ഏറ്റെടുക്കാൻ കഴിയേണ്ടതാണെന്നും , ആയതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് സോണൽ തലത്തിൽ അസി.എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു .

കൂടാതെ പൊതു ടാപ്പുകൾ ഉള്ള സ്ഥലങ്ങളിലെല്ലാം കമ്മിറ്റികൾ രൂപീകരിച്ച് വീട്ടിലേക്ക് കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും , ഈ പ്രവൃത്തികളെല്ലാം 01/06/25 നകം പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചു. ഇതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുന്ന സ്വാശ്രയ കമ്മിറ്റികളിൽ വരുന്ന പദ്ധതിയുടെ കറന്റ് ബില്ലും അത്യാവശ്യം റിപ്പയറിംഗും കോർപ്പറേഷൻ വഹിക്കുന്നതിനും , 01/06/25 ന്ശേഷം ഒരു കാരണവശാലും കോർപ്പറേഷൻ വഹിക്കുന്നതല്ല എന്നും , ആയതിന്റെ പൊതു ചുമതല കോർപ്പറേഷൻ അസി.എഞ്ചിനീയർമാർക്കും , പൊതു മരാമത്ത്സ്റ്റാന്റിംഗ് കമ്മിറ്റിക്കുമായി നിശ്ചയിച്ചു.

വിവിധ സോണലുകളിൽ നിന്നും അസിസ്റ്റന്റ് എൻജിനീയർമാർ നൽകിയ റിപ്പോർട്ട് ക്രോഡീകരിച്ചത് പ്രകാരം ആകെ 152 പദ്ധതികളുടെ എണ്ണമാണ് നിലവിൽ ലഭിച്ചിട്ടുള്ളത്. ആയതിൽ ഗുണഭോക്തൃ സമിതിക്ക് കൈമാറിയത്- 73 എണ്ണവും , പ്രവർത്തനരഹിതം - 22 എണ്ണവുമാണ്.മേൽ സാഹചര്യത്തിൽ താഴെ ചേർക്കുന്ന വിഷയങ്ങൾ കൌൺസിൽ തീരുമാനത്തിനായി ,

1)മേൽ റിപ്പോർട്ട് പ്രകാരം ഉള്ള ലിസ്റ്റിൽ ഉൾപ്പെടാത്തതോ, വിട്ടു പോയതോ ആയ കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശത്തിനായി.

2) div 55 - Pullazhi - ഡിവിഷൻ കൌൺസിലർ കുടിവെള്ള പദ്ധതികളു ടെ നടത്തിപ്പ് സംബന്ധിച്ച് 27/2/2025 ലെ 73-ാം നമ്പർ തീരുമാനത്തിലെ അവ്യക്തത തീർക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതാണ്. പൊതു ടാപ്പുകൾ ഉള്ള കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഹൌസ് കണക്ഷൻ നൽകി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നത് വരെ വൈദ്യുതി ചാർജും , മെയിന്റനൻസ് ചെലവും കോർപ്പറേഷൻ വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കു ന്നതിനായിട്ടാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

3)സ്വാശ്രയ കുടിവെള്ള പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 22/01/26 പ്ര കാരം ഓഡിറ്റ് എൻക്വയറി ലഭിച്ചി ട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം- 76- 22/01/26) . കുടിവെള്ള പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട്ഗു ണഭോ ക്തൃ സമിതി രൂ പീകരിക്കു ന്നതിനായു ള്ള ത.സ്വ.ഭ.വ (ഡി പി ) വകുപ്പിന്റെ 31/05/2000 ലെ GO (Rt ) 214/2000 LSGD ഉത്തരവ് പ്രകാരം പുതിയ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് വിഹിതം അടവാക്കി വീടുകളിൽ കണക്ഷൻ നൽകുന്ന പദ്ധതികളാകണം എന്ന് നിർദ്ദേശിക്കുന്നുണ്ടെന്നും , എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും , കുടിവെള്ള പദ്ധതികളുടെ തുടർ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപ്പണി , എന്നിവ ഗുണഭോക്തൃ കമ്മിറ്റികളുടെ ചുമതലയുമാണ്(വൈദ്യു തി ചാർജ്, ഓപ്പറേറ്ററുടെ വേതനം മുതലായവ) ആയത് ഓഡിറ്റ് കാലം വരെയും നഗരസഭക്ക് പാലിക്കാൻ കഴിഞ്ഞിട്ടില്ല എന്നും , സർക്കാർ ഉത്തരവ് പ്രകാരം നഗര സഭ പരിധിയിലെ എല്ലാ കുടിവെള്ള പദ്ധതികളിലും , ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് നടത്തിപ്പ് അവരിൽ തന്നെ നിക്ഷിപ്തമാക്കേണ്ടതാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. വിഷയത്തിൽ അടിയന്തിരമായി മറുപടി നൽകുന്നതിന് അറിയിച്ചിട്ടുണ്ട്.

4) 2019-20 C&AG ഓഡിറ്റ് OBS 1473098 പ്രകാരവും നിലവിലും ഓഡിറ്റ് പരാമർശം ഉള്ളതാണ്. സ്വാശ്രയ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറാത്തതിനാൽ , ടി വൈദ്യുത ചാർജിന്റെ ഇനത്തിൽ 2018-19 വർഷ കാലയളവിൽ 4,60,000/- നഗര സഭക്ക് ചിലവ് വന്നിട്ടുണ്ടെന്നും, ആയതിനാൽ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കുന്ന പ്രകാരം എല്ലാ കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പ് ഗുണഭോക്തൃ സമിത്കൾക്ക് കൈമാറുന്നതിന് നഗരസഭ അടിയന്തിര നടപടികൾ സ്വീകിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

5)GO(RT) 1275/2009 PARA 3.1 പ്രകാരം KWA പരിപാലിച്ചിരുന്ന ഏക ഗ്രാമകുടിവെള്ള പദ്ധതികൾ ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് കൈമാറിക്കിയിട്ടുള്ളവയുടെ പരിപാലനം ആണ് അവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നത് വരെ ത.സ്വ.ഭ സ്ഥാനങ്ങൾക്ക് നടത്തുന്നതിന് സാധിക്കുകയുള്ളു. കൂടാതെ ഓഡിറ്റ് പരാമർശ പ്രകാരവും ഇനിയും ടി പ്രവൃത്തികൾക്ക് തുക നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണ്.

6)മേൽ സൂചിത സർക്കാർ ഉത്തരവ്, ഗുണഭോക്തൃ സമിതികളുടെ ലിസ്റ്റ്, നിലവിൽ ലഭിച്ച ഓഡിറ്റ് എൻക്വയറി എന്നിവ ഇതോടൊപ്പം അറ്റാച്ച്ചെയ്തിട്ടു ള്ളതാണ്.

7) പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 10/06/026 ലെ 21-ാം നം തീരുമാന പ്രകാരം , വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് ബഹു കൌൺസിലിന്റെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

26. **വിഷയം (ഫയൽ നമ്പർ - 5156279-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യ വിഭാഗം - പി എച്ച് 6 -താല്ക്കാലിക ശുചീകരണ തൊഴിലാളികളുടെ നിയമനം - ഉദ്യോഗാർത്ഥികളുടെ പട്ടിക അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷനിൽ മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾക്കും, സ്വച്ഛ് സർവ്വേക്ഷൻ പ്രവർത്തനങ്ങൾക്കുമായി നിലവിലുള്ള ശുചീകരണ തൊഴിലാളികൾ പര്യാപ്തമാകാത്ത സാഹചര്യത്തിൽ അടിയന്തരമായി 136 താല്ക്കാലിക ശുചീകരണ തൊഴിലാളികളെ 89

ദിവസത്തേക്ക് തെരഞ്ഞെടുക്കുന്നതിനായി 136 ഉദ്യോഗാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതിന്ബഹു.കൌൺസിലിന്റെ നിർദേശ പ്രകാരം ബഹു.മേയർ 06/06/2026 തിയ്യതിയിൽ ക്ലീൻ സിറ്റി മാനേജർക്ക് കുറിപ്പ് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2026 ജൂൺ 08, 09, 10, 11 എന്നീ തിയ്യതികളിലായി താല്ക്കാലിക ശുചീകരണ തൊഴിലാളികളെ ഇന്റർവ്യൂ നടത്തുന്നതിനുള്ള പത്രപരസ്യം നല്കുകയും, ശ്രീ.ജയപ്രകാശ് ജെ -. ക്ലീൻ സിറ്റി മാനേജർ ഇൻച്ചാർജ്ജ് , ശ്രീ.ഷാജു. എ .ജെ - സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 - സർക്കിൾ 2 , ശ്രീ. രാജീവൻ .ഐ.വി - സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 , ശ്രീമതി .രജിനി കെ . എം - ഹെൽത്ത് വിഭാഗം സൂപ്രണ്ട് എന്നിവർ ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡ് 2026 ജൂൺ 08, 09, 10, 11 എന്നീ തിയതികളിലായി 215 പേരെ ഇന്റർവ്യൂ നടത്തിയിട്ടുള്ളതുമാണ്, ഇന്റർവ്യുവിൽ ഹാജരായതിന്റയും, ശാരീരിക ക്ഷമത , മുൻകാല പരിചയം , കോർപ്പറേഷൻ പരിധിയിലെ താമസക്കാർ എന്നിവയുടെ അടിസ്ഥാനത്തിൽ യോഗ്യരായ 136 ഉദ്യോഗാർത്ഥികളുടെ പട്ടിക താഴെ പറയും പ്രകാരം തയ്യാറാക്കിയിട്ടുള്ളതാണ്. താല്ക്കാലിക ശുചീകരണ തൊഴിലാളിളായി 89 ദിവസത്തേക്ക് നിയമിക്കുന്നതിനായി തയ്യാറാക്കിയ 136 ഉദ്യോഗാർത്ഥികളുടെ പട്ടിക അംഗീകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

| **നമ്പർ** | **ഇന്റർവ്യൂ തിയ്യതി** | **ഉദ്യോഗാർത്ഥിയുടെ പേര്, വിലാസം** | **വയസ്സ്** |
|---|---|---|---|
| 1 | 09/06/2026 | ശ്രീജിൻ , ചെമ്പിശ്ശേരി വീട് , ചിയ്യാരം , 9566372603 | 37 |
| 2 | 09/06/2026 | ഡാലി രാജൻ , വരത്തൻ വിള വീട് , ചിയ്യാരം | 39 |
| 3 | 08/06/2026 | ചിന്ത , മൂളയിൽ വീട് , കണ്ണംകുളങ്ങര, കൂർക്കഞ്ചേരി 8078879323 | 50 |
| 4 | 11/06/2026 | ബാലു എ പി , അന്തിമുളൻക്കാവ് വീട് , പാടൂക്കാട് | 33 |
| 5 | 11/06/2026 | അക്ഷയ് വി എ , വാലിപറമ്പിൽ വീട് , ത്രിവേണി റോഡ് , കോലഴി | 28 |
| 6 | 09/06/2026 | രമ , പാറയ്ക്കൽ | 56 |

| | | | |
|---|---|---|---|
| | | വീട് , ആനപ്പാറ | |
| 7 | 08/06/2026 | റോഷ്ണ സി എ , പുത്തനങ്ങാടി വീട് , അയ്യന്തോൾ | 39 |
| 8 | 09/06/2026 | ധനലക്ഷ്മി, വലിയപറമ്പിൽ വീട് , വിയ്യൂർ | 46 |
| 9 | 09/06/2026 | ജയരാജ് പി വി , പൂക്കാട്ടിൽ വീട് , ചിറയ്ക്കക്കോട് 9400506186 | 45 |
| 10 | 09/06/2026 | രതീഷ് വി ആർ , നാലുവീട്ടിൽ വീട് , എ കെ ജി ലെയിൻ , ചക്കാമുക്ക് , പൂങ്കുന്നം 8593954978 | 45 |
| 11 | 09/06/2026 | രതി,ചിറ്റിപ്പറമ്പിൽ വീട് , പള്ളിമൂല | 45 |
| 12 | 08/06/2026 | സീനത്ത് , തണ്ണീർക്കാരൻ വീട് , പൂത്തോൾ 9605492203 | 45 |
| 13 | 11/06/2026 | സ്മിതേഷ് , ആവണേക്കാട്ട് വീട് , കണ്ണംകുളങ്ങര 8089807734 | 45 |
| 14 | 09/06/2026 | സിനിഷ് ,കടവിൽ വീട് , ആനപ്പാറ 8075092667 | 40 |
| 15 | 08/06/2026 | സോയി ജെനി, കാഞ്ഞിരത്തിങ്കൽ വീട് , മണ്ണുത്തി | 51 |
| 16 | 09/06/2026 | ഷംസുദ്ദീൻ, മുണ്ടപ്പാട്ടിൽ വീട് , കൂർക്കഞ്ചേരി | 37 |

| | | | |
|---|---|---|---|
| 17 | 10/06/2026 | അനീഷ് പി ജെ , പരപ്പൻ വീട് , ഒല്ലൂക്കര | 33 |
| 18 | 10/06/2026 | മിലി എ വി, അന്തിക്കാട്ടിൽ വീട് , എസ് എൻ കോളനി , കൂർക്കഞ്ചേരി 8129580933 | 38 |
| 19 | 09/06/2020 | രജീഷ് , തൊണ്ണേൻക്കാവിൽ വീട് , ചിയ്യാരം | 37 |
| 20 | 11/06/2026 | കിരൺലാൽ കെ കെ , കൊച്ചംവീട്ടിൽ വീട് , എസ് എൻ കോളനി , കൂർക്കഞ്ചേരി | 38 |
| 21 | 11/06/2026 | റെൺസൺ ടി ആർ, തുരത്തേൽ വീട് , ആലുംവെട്ടോഴി , കൂർക്കഞ്ചേരി 8606926186 | 30 |
തുടർന്ന്, പ്രാദേശികതല ട്രീ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മരങ്ങൾ/മരശിഖരങ്ങൾ മുറിച്ചുനീക്കുന്നതിനായി സർക്കിൾ-4 സീനിയർ സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വിനോദ് പി.എ.യെ ചുമതലപ്പെടുത്തി ക്ലീൻ സിറ്റി മാനേജരുടെ 10/02/2026-ലെ 4149884/2025 നമ്പർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

തുടർന്ന്, പ്രവൃത്തി അടിയന്തിരമായി നിർവഹിക്കുന്നതിനായി 4149884/2025 നമ്പർ കെ-സ്മാർട്ട് ഫയലിൽ 13/03/2026-ന് ബഹുമാനപ്പെട്ട മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ സർക്കിൾ-4 സീനിയർ സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വിനോദ് പി.എ.യ്ക്ക് ₹49,000/- (നാൽപ്പത്തൊൻപതിനായിരം രൂപ) അഡ്വാൻസ് അനുവദിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

ആയതിനാൽ, പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിരുന്ന മരങ്ങളും മരശിഖരങ്ങളും അടിയന്തിരമായി മുറിച്ചുനീക്കുന്നതിനായി ₹49,000/- അഡ്വാൻസ് അനുവദിച്ച ബഹുമാനപ്പെട്ട മേയറുടെ മുൻകൂർ നടപടി കൗൺസിൽ സാധൂകരിച്ച് അംഗീകരിക്കുന്നതിനായി വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

44. **വിഷയം (ഫയൽ നമ്പർ - 2891826-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യവിഭാഗം - PH6- തൃശ്ശൂർ പൂരം 2026 - ചെലവ് തുക അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

സൂചന 1 : ബഹു.കൌൺസിലിന്റെ 01/06/2026 ലെ പന്ത്രണ്ടാം നമ്പർ തീരുമാനം
സൂചന 2 : ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 22.06.2026 ലെ 68-ാം നമ്പർ തീരുമാനം
തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ഹെൽത്ത് സെക്ഷൻ - തൃശ്ശൂർ പൂരം 2026 നോട് അനുബന്ധിച്ച് സംഭാര വിതരണം നടത്തുന്നതിനും , പൂരം ഡ്യൂട്ടി നോക്കുന്ന

ജീവനക്കാർക്ക് ഭക്ഷണം ക്രമീകരിക്കുന്നതിനുമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹു.മേയർ നിർദ്ദേശിച്ചിട്ടുള്ളതും ആയതനുസരിച്ച് ടി പ്രവർത്തി നിർവഹിക്കുന്നതിന് ക്ലീൻസിറ്റി മാനേജർ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ - ശ്രീ. ജയപ്രകാശ് ജെ എന്നവരെ ചുമതലപ്പെടുത്തുകയും, ആയത് പ്രകാരം 2,50,000/- **രൂപ** മുൻകൂർ തുക അനുവദിക്കുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തിയുടെ ചെലവുകൾക്കായി 2,50,000/- ( രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ ) ശ്രീ. ജയപ്രകാശ് . ജെ . സീനീയർ പബ്ലിക് ഹെൽത്ത് ഇൻസ്പെകടർ എന്നവർക്ക് മുൻകൂർ തുക അനുവദിച്ച് ഉത്തരവായിരുന്നതും , സൂചന (1) പ്രകാരം മുൻകൂർ അനുമതി സാധൂകരിച്ചിട്ടുള്ളതുമാണ്. ആയതിൽ ടി പ്രവൃത്തിക്കായി 294532/-( രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട് രൂപ ) ടിയാന് ചെലവായിട്ടുണ്ടെന്നും , ആയതിനാൽ മുൻകൂർ ഇനത്തിൽ ലഭിച്ച 2,50,000/- രൂപ ക്രമീകരിച്ച് ലഭിക്കുന്നതിനും , ബാക്കിയുള്ള തുകയായ 44,532/- ( നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) അനുവദിക്കുന്നതിനുമായി ടിയാൻ കത്തും ബില്ലുകളും ഹാജരാക്കിയിട്ടുള്ളതാണ്.

ആയതിനാൽ ശ്രീ. ജയപ്രകാശ് .ജെ സീനീയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്നവർക്ക് മുൻകൂർ ഇനത്തിൽ ലഭിച്ച 2,50,000/- രൂപ ക്രമീകരിക്കുന്നതിനും, ബാക്കിയുള്ള ചെലവ് തുകയായ 44,532/- രൂപ അംഗീകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**കുറിപ്പ്**

സീനീയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഹാജരാക്കിയ ബില്ലുകൾ ക്ലീൻ സിറ്റി മാനേജർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്

45. **വിഷയം (ഫയൽ നമ്പർ - 4901384-2026)**

തൃശൂർ കോർപറേഷൻ- ആരോഗ്യവിഭാഗം-PH8- 31/07/2026 ന് സർവീസിൽ വിരമിക്കുന്ന സാനിറ്റേഷൻ ജീവനക്കാരിയായ ശ്രീമതി. തങ്കമണി.കെ.എസ്- എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ- കണ്ടീജന്റ് വിഭാഗം - മൂന്നാം സർക്കിളിൽനിന്നും 31/07/2026 ന് വിരമിക്കുന്ന സാനിറ്റേഷൻ ജീവനക്കാരിയായ ശ്രീമതി. -തങ്കമണി.കെ.എസ് എന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കിയതിന് 13/07/2026 തിയതിയിലെ കെ.എസ്.എ (ടി.എസ്.സി)8-431/2026 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് അംഗീകരിച്ച പെൻഷൻ ആനുകൂല്യങ്ങൾ ശ്രീമതി. തങ്കമണി.കെ.എസ്- എന്നവർക്ക് അനുവദിക്കുന്നതിനുള്ള അനുമതിക്കായി വിഷയം ബഹു. കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

1) 01/08/2026 മുതൽ പ്രതിമാസ പെൻഷൻ- **12017/-**

2)ഡി.സി.ആർ.ജി. -**498015/-**

3) കമ്മ്യൂട്ടേഷൻ തുക -**565763/-**

4) കുടുംബ പെൻഷൻ **HR** and **NR= 13020/-**

46. **വിഷയം (ഫയൽ നമ്പർ - 4613886-2026)**

തൃശൂർ കോർപറേഷൻ- പി.എച്ച്. 6- കണ്ടീജന്റ് വിഭാഗം- സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതും നിലവിൽ പ്രാൺ നമ്പർ ലഭിച്ചിട്ടില്ലാത്തതുമായ ജീവനക്കാരുടെ NPS വിഹിതം തിരികെ നൽകുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ- കണ്ടീജന്റ് വിഭാഗം- സാനിറ്റേഷൻ വർക്കർമാരായി സർവീസിൽനിന്നും വിരമിച്ച താഴെപറയുന്ന ജീവനക്കാർക്ക് നാളിതു വരെ പ്രാൺ നമ്പർ ലഭിച്ചിട്ടില്ലാത്തതിനാൽ NPS റിക്കവറി ആയി ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കിയ തുകയും എംപ്ലോയർ കോൺട്രിബ്യൂഷനും അടക്കമുള്ള തുക ജീവനക്കാർക്ക് തിരികെ നൽകുന്നതിനുള്ള അനുമതിക്കായി ബഹു . കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു. .

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി | വിരമിച്ച തിയതി | എംപ്ലോയീ കോൺട്രിബ്യുഷൻ | എംപ്ലോയർ കോൺട്രിബ്യൂഷൻ | ആകെ തുക |
|---|---|---|---|---|---|---|
| 1 | വിജയ. കെ.കെ | 24/10/2023 | 31/05/2026 | 80736 | 80736 | 161472 |
| 2 | ഷീല.ഇ. സി | 24/10/2023 | 31/05/2026 | 83675 | 83675 | 167350 |
| 3 | സുമതി. സി.ആർ | 24/10/2023 | 31/05/2026 | 83675 | 83675 | 167350 |

**കുറിപ്പ് :**

07/05/2024 തിയതിയിലെ **1014482-2024** നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാന് സ്ഥിരനിയമനം ലഭിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ജീവനക്കാർക്ക് PRAN നമ്പർ ലഭ്യമാക്കുന്നതിനായി ബഹു. ജോയിന്റ് ഡയറക്ടർക്ക് **1876714-2024 & 2408139-2024** എന്നീ നമ്പർ കത്ത് നൽകിയിട്ടുള്ളതായിരുന്നു.. എന്നാൽ സർവീസിൽ നിന്നും വിരമിക്കുന്നത് വരെ PRAN നമ്പർ ലഭിച്ചിരുന്നില്ല.

47. **വിഷയം (ഫയൽ നമ്പർ - 2230818-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - KL 08 BE 3886(BOLERO- അയ്യന്തോൾ സോണൽ ) എന്ന വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ബിൽ അംഗീകരിക്കുന്നത് -സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - നഗരാസൂത്രണ വിഭാഗം - **KL 08 BE 3886 (BOLERO- അയ്യന്തോൾ സോണൽ )** എന്ന വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനു **ERAM MOTORS PVT. LTD** എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകാരം ലഭിക്കുകയും **2230818/2026 11-05-2026 - ലെ** വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ് വർക്ക് പൂർത്തീകരിച്ച് **ERAM MOTORS PVT. LTD** എന്ന സ്ഥാപനം **100677/-** ബില്ലുകൾ

സമർപ്പിച്ചിട്ടുണ്ട്.ബിൽ അംഗീകരിക്കുന്നതിനു ബഹു .കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

**കുറിപ്പ് :**

**1)ERAM MOTORS PVT. LTD** എന്ന സ്ഥാപത്തിന്റെ **100677/-രൂപയുടെ ബില്ല് അംഗീകരിക്കാവുന്നതാണ് എന്ന് എഞ്ചിനീയർ ഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്**

48. **വിഷയം (ഫയൽ നമ്പർ - 1250870-2025)**

തൃശ്ശൂർ കോർപ്പറേഷൻ -രാമവർമ്മ പുരത്ത് പ്രവർത്തിച്ച് വരുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ/ബഡ്സ് സ്കൂളിലേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

07.04.2025 തിയതിയിലെ ബഡ്സ് യോഗത്തിന്റെ 3 -ാം നം തീരുമാന പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികളുടെ യാത്രക്ലേശത്തിന് പരിഹാരമായി 19/07/2025 തീയ്യതി മുതൽ കോർപ്പറേഷനിലെ പകൽ വീടിനായി ഓടി കൊണ്ടിരിക്കുന്ന KL 8BQ 6739 ഒമ്നി വാൻ ഒല്ലൂക്കര ബഡ്സ് റീബാബിലിറ്റേഷൻ സെന്ററിന് വേണ്ടി ഓടിക്കൊണ്ടിരിക്കുന്നു . ടി വാഹനത്തിന്റെ സൌകര്യങ്ങൾ അപര്യാപ്തമായതിനാൽ ബഹു. മേയർക്ക് ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ ടീച്ചർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബഹു മേയർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. .ഒല്ലൂക്കര ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ മൂലം കഴിഞ്ഞ ഭരണ സമിതിയുടെ നിർദ്ദേശപ്രകാരം താൽക്കാലികമായി രാമവർമ്മ പുരം ബഡ്സ് സ്കൂളിലാണ് പ്രവർത്തിച്ചു വരുന്നത് . രാമവർമ്മ പുരം ബഡ്സ് സ്കൂളിൽ 18 വയസ്സിന് താഴെയുള്ള 3 കുട്ടികളും 18 വയസ്സിന് മുകളിലുള്ള 6 കുട്ടികളും ആണ് ഉള്ളത്. ഒല്ലൂക്കര ബി ആർ സി യിൽ 32 കുട്ടികൾ പഠിച്ചു വരുന്നുണ്ട്. വാഹനം വാടകക്ക് എടുക്കുന്നതിന് വേണ്ടി 2019 ജനുവരിക്ക് ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള 1500 സിസി ക്ക് മുകളിലുള്ള 18-20 സീറ്റുകൾ ഉള്ള വാഹനം കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചത് പ്രകാരം താഴെ പ്പറയുന്ന ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട് .2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഹനത്തിന്റെ വാടക അനുവദിക്കാവുന്നതാണ്.

| ബഡ്സ് സ്കൂളിന് വാഹനം വാടകയ്ക്കെടുക്കുന്നത് സംബന്ധിച്ച് ക്വട്ടേഷൻ | | | | |
|---|---|---|---|---|
| sl no: | ADRESS | RATE | MODEL | SEAT |
| 1 | ജോമോൻ കെ ജെ<br>റാംജി<br>ട്രാവൽസ്<br>കൊമ്പൻ വീട്<br>ഈസ്റ്റ് ഫോർട്ട് | 45000 | 2012 | 18 |
| 2 | ജോബി ജോസ്<br>ആൻമരിയ<br>ട്രാവൽസ് | 46000 | 2012 | 18 |

| | | | | |
|---|---|---|---|---|
| | കുള്ള വീട്<br>കൊഴുക്കുള്ളി<br>പി ഒ<br>ആശനഗർ<br>MOB:9633305500 | | | |
| 3 | രാമദാസ്<br>കുട്ടൻ<br>ഞാറെക്കാട്ട്<br>കോലോത്ത്<br>വീട്<br>ഒളരിക്കര<br>തൃശ്ശൂർ<br>MOB:7907728858 | 48000 | 2024 | 19 |
| 4 | ജോമോൻ കെ ജെ<br>റാംജി<br>ട്രാവൽസ്<br>കൊമ്പൻ വീട്<br>ഈസ്റ്റ് ഫോർട്ട്<br>MOB:9633003011 | 48000 | 2012 | 26 |
| 5 | സുമേഷ്<br>മുല്ലപ്പറമ്പിൽ<br>വിയ്യൂർ<br>MOB:999524308 | 49000 | 2010 | 18 |
| 6 | ജോബി ജോസ്<br>ആൻമരിയ<br>ട്രാവൽസ്<br>കുള്ള വീട്<br>കൊഴുക്കുള്ളി<br>പി ഒ<br>ആശനഗർ | 49000 | 2012 | 26 |
| 7 | സമീഷ്<br>പാളയംകോട്<br>വീട്<br>കണിമംഗലം | 49500 | 2011 | 18 |

| | | | | |
|---|---|---|---|---|
| | MOB:9526385036 | | | |
| 8 | വിജേഷ് വാസുദേവൻ ആദംകാവിൽ വീട് കുറ്റിമുക്ക് ആർ.വി പുരം.പി. ഒ MOB:8281682616 | 50000 | 2017 | 17 |

2019 മോഡൽ വാഹനം (18-20 സീറ്റ് ,45000-50000 rate ) ആണ് ക്വട്ടേഷൻ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. 2017 മോഡൽ വാഹനം RATE- 50000/-(17 seat മാത്രം),2024 മോഡൽ വാഹനം - rate- 48000/- (19 seat)ആണ് latest model ലഭിച്ചിട്ടുള്ളത് .ആയതിനാൽ latest model വാഹനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത 2024 മോഡൽ വാഹനത്തിന്റെ ക്വട്ടേഷൻ നൽകിയ രാമദാസ് കുട്ടൻ ഞാറെക്കാട്ട്,,കോലോത്ത് വീട്,ഒളരിക്കര,തൃശ്ശൂർ MOB:7907728858 എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുന്ന വിഷയം ബഹു. കൌൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കുറിപ്പ് 1:**തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/05 /2025 തീയതിയിലെ ഡി എ 1/181/2025 നമ്പർ ഉത്തരവ് പ്രകാരം ഓഫീസ് ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ പരമാവധി 36,000 രൂപ വരെ വാടകയിനത്തിൽ ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്രതിമാസം 2000 കിലോമീറ്റർ ആണ് പരമാവധി വാഹനം ഓടാവുന്നത്. എന്നാൽ ബഡ്സ് സ്കൂൾ ബഡ്സ് ഹാബിലിറ്റേഷൻ സെന്റർ എന്നിവിടങ്ങളിലെ കുട്ടികൾക്ക് യാത്ര സൗകര്യം ഒരുക്കുന്നതിന് ടെൻഡർ / കൊട്ടേഷൻ വിളിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ ഉള്ള വാഹനം നടപടിക്രമങ്ങൾ പാലിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് എടുക്കാവുന്നതാണ് എന്നും ഇപ്രകാരം വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന് ഓഫീസ് വാഹനത്തിനായി മാർഗരേഖ പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്ക് ബാധകമല്ല എന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്**

**2.സ.ഉ(കൈ)നം.115/2022/തസ്വഭവ തീയ്യതി 28/05/2022 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 7.1.9 പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ,ബഡ്സ് സ്കൂൾ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിന് പകരം വാഹനം വാടകയ്ക്ക് എടുക്കാവുന്നതും 2017 ന് ശേഷമുള്ള വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടത് എന്നും പരാമർശിച്ചിട്ടുള്ളതാണ്.**

49. **വിഷയം (ഫയൽ നമ്പർ - 5297910-2026)**

ജി1-5297910-2026-തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-പൊതുഭരണ വിഭാഗം-ജീവനക്കാര്യം ബഹു.മേയറുടെ പേഴ്സണൽ അസിസ്റ്റൻറായി ശ്രീ.ലിജോ പോൾ,അറങ്ങാശ്ശേരി ഹൌസ്,ഇ പി ലെയിൻ,ഈസ്റ്റ് ഫോർട്ട് പി ഒ, തൃശ്ശൂർ എന്നവരെ താല്കാലികമായി നിയമിച്ച് ,വേതനം അനുവദിച്ച ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി ബഹു.കൌൺസിൽ മുമ്പാകെ

**വിവരണം**

ബഹു.മേയറുടെ ചേമ്പറിന്റെ ചുമതലകൾ സുഗമമായും തൃപ്തികരമായും നിർവ്വഹക്കുന്നതിന് ബഹു.കൌൺസിലിന്റെ 07.02.2026 തീയ്യതിയിലെ 47-ാം നമ്പർ തീരുമാന പ്രകാരം ശ്രീ.സുനിൽരാജ് എന്നവരെ 28.12.2025 മുതൽ താല്ക്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ പേഴ്സണൽ അസിസ്റ്റന്റായി നിയമിച്ചിട്ടുള്ളതാണ്. ടിയാൾ അസുഖബാധിതനായി 02.03.2026 മുതൽ ജോലിയിൽ ഹാജരാകാതിരുന്ന സാഹചര്യത്തിൽ ശ്രീ.ലിജോ പോൾ എന്നവർ 02.03.2026 തീയ്യതി മുതൽ പ്രസ്തുത ജോലികൾ നിർവ്വഹിച്ചിട്ടുള്ളതാണ്. ശ്രീ.ലിജോ പോൾ എന്നവർ 23.05.2026 വരെ പ്രസ്തുത ജോലികൾ ചെയ്തതിന്റെ ശമ്പളം അനുവദിക്കുന്നതിന് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്. ബഹു.മേയറുടെ പ്രസ്തുത മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

50. **വിഷയം (ഫയൽ നമ്പർ - 5414469-2025)**

ബഹു: കോർപറേഷൻ മേയറുടെ ( Letter no: 02/2026 dtd: 25/02/2026) മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു. തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ യുടെ 2025-26 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തൃശ്ശൂർ നിയോജകമണ്ഡലത്തിലെ 8 സ്ഥലങ്ങളിൽ ഹൈ മാസ്റ്റ് ലൈറ്റുകളും 10 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ അക്രഡിറ്റ് ഏജെൻസിയെ ബിഡിംഗ് മുഖേനെ തിരഞ്ഞെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം tender നടത്തിയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ STEEL INDUSTRIALS KERALA LIMITED ന്റെ ടെണ്ടർ ബഹു: കോർപറേഷൻ മേയറുടെ (Letter no: 02/2026 dtd: 25/02/2026) മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. ടി മുൻകൂർ അനുമതി സാധൂകരിക്കുന്നതിനായി ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ്

ബഹു. എം എൽ എ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു

**ഹൈമാസ്റ്റ് ലൈറ്റുകൾ**

1. ഡിവിഷൻ 1-വൃന്ദപുരി
2. ഡിവിഷൻ 3-ചെമ്പൂക്കാവ് മൂല
3. ഡിവിഷൻ 6-എസ് ജെ നഗർ ജംഗ്ഷൻ
4. ഡിവിഷൻ 7-പള്ളിമൂല എ ആർ ക്യാമ്പ് ജംഗ്ഷൻ
5. ഡിവിഷൻ 7-ഇന്ത്യാ റിസർവ് ബറ്റാലിയൻ
6. ഡിവിഷൻ 8-ശാന്തി നഗർ
7. ഡിവിഷൻ 9-കല്ലടി മൂല
8. ഡിവിഷൻ 47-പുല്ലഴി കമ്പനിപ്പടി ബസ് സ്റ്റോപ്പ്

**മിനിമാസ്റ്റ് ലൈറ്റുകൾ**

1. ഡിവിഷൻ 4-ജയിൽ പടി
2. ഡിവിഷൻ 4-ഹോണ്ട റോഡ് ,വിയ്യൂർ
3. ഡിവിഷൻ 5-പെരിങ്ങാവ് തന്നേക്കാട് ജംഗ്ഷൻ

4.ഡിവിഷൻ 5-പാണ്ടിക്കാവ് ലക്ഷം വീട് ജംഗ്ഷൻ
5. ഡിവിഷൻ 6-ഉമ നഗർ
6. ഡിവിഷൻ 6-ശ്രീ നഗർ
7. ഡിവിഷൻ 8-വില്ലടം പമ്പ് ഹൗസ്
8. ഡിവിഷൻ 8-ഹെൽത്ത് സെന്റർ
9. ഡിവിഷൻ 8-പരേപാടം റോഡ് ജംഗ്ഷൻ
10. ഡിവിഷൻ 51-മെന്റൽ ഹോസ്പിറ്റൽ (2 എണ്ണം)

51. **വിഷയം (ഫയൽ നമ്പർ - 1197377-2024)**

PH7 തൃശ്ശൂർ കോർപറേഷൻ- ആരോഗ്യ വിഭാഗം - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ശുചീകരണ പ്രവർത്തികൾക്ക് ഉപയോഗിച്ചു വരുന്ന വാഹനങ്ങൾ,ഫോഗിംങ്ങ് മെഷീൻ, ബ്രഷ് കട്ടർ തുടങ്ങിയവയുടെ May/2026 മാസത്തെ ബില്ല് തുകകൾ അനുവദിക്കുന്നതിനായി ബഹു മേയർ നൽകിയ മുൻകൂർ അനുമതി അംഗീകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ ഉടമസ്ഥതയിലുള്ള ശുചീകരണ പ്രവർത്തികൾക്ക് ഉപയോഗിച്ച് വരുന്നതും , ഹെൽത്ത് വിഭാഗത്തിന് കീഴിലുള്ളതുമായ വാഹനങ്ങൾ, ഗ്രാസ് കട്ടിംഗ് , ബ്രഷ് കട്ടർ , ഫോഗിങ് മെഷീൻ , പബ് സെറ്റ് എന്നിവയുടെ മെയ് /2026 മാസത്തെ ഇന്ധന ബില് തുക TRICHUR PETROL SALES AND SERVICE , തൃശൂർ നു തുക അനുവദിക്കുന്നതിനായി ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു.കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു .
കുറിപ്പ് - 498422/- രൂപയുടെ ബില്ല് ചെക്ക് നമ്പർ 348469 തിയതി 06/07/2026 BANK-സൗത്ത് ഇന്ത്യൻ ബാങ്ക് അനുസരിച്ചു TRICHUR PETROL SALES AND SERVICE , തൃശൂർ നു നല്കിയിട്ടുള്ളതാണ്.
വാഹന നമ്പർ അടിസ്ഥാനത്തിൽ തുക ക്രമീകരിച്ചത്
S No. V.No. Bill Amount
1 TMC GRASS CUTTING _1,04,407/-
2. TMC BRUSH CUTTER _79,878/-
3. TMC FOGGING _12,479/-
4. KL 08 BQ 4259 _11,817/-
5. TMC PUMPSET _1,102/-
6. KL 08 BT 4675 _7,831/-
7. KL 08 CE 0962 _9,815/-
8. KL 08 BQ 2638 _8,239/-
9. KL 08 BQ 4192 _1,902/-
10. KL 08 C C 5314 _7,785/-
11. KL 08 CD 7841 _ 8,502/-
12. KL 08 CD 7805 _5,871/-
13. KL 08 CD 7831 _11,876/-
14. KL 08 CD 7883 _4,962/-
15. KL 08 CD 7855 _4,026/-
16. KL 08 CD 7761 _5,928/-
17. KL 08 CD 7735 _8,545/-

18. KL 08 CE 0951 -7,951/-
19. CRIMATORIUM - 1,152
20. KL 08 CD 7762 -1,902/-
21. KL 08 BL 8099 -14,577/-
22. KL 08 BM 1411 - 42,258/-
23. KL 08 CB 3078 - 5,865/-
24. KL 08 BQ 3153 - 43,909/-
25. KL 08 BQ 1259 -28,175/-
26. KL 08 BQ 1844 - 14,224/-
27. KL 08 BL 8079-15,522/-
28. KL 08 BQ 2620 - 3,398/-
29. KL 08 CD 7843 - 15,908/-
30. KL 08 BQ 1908 - 1,902/-
31. KL 08 BX 3130 - 4,122/-
32. KL 08 BM 1366 -2,061/-
33. WOODCUTTER - 531/-

Total =4,98,422/-

52. **വിഷയം (ഫയൽ നമ്പർ - 5125402-2026)**

തൃശ്ശൂർ കോർപ്പറേഷൻ - പൊതുജനാരോഗ്യ വിഭാഗം - പി.എച്ച് 6 - - ഹിറ്റാച്ചി ഓപ്പറേറ്ററുടെ താല്ക്കാലിക നിയമനം- ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

PH6/5125402/2026

സൂചന : ബഹു.മേയറുടെ 04/07/2026 ലെ മുൻകൂർ അനുമതി

തൃശ്ശൂർ കോർപ്പറേഷനിലെ പൊതുജനാരോഗ്യ വിഭാഗത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ഹിറ്റാച്ചി വാഹനത്തിന്റെ താല്ക്കാലിക ഓപ്പറേറ്റായിരുന്ന ശ്രീ.ആന്റണി അഗസ്റ്റിൻ എന്നവർ സേവനത്തിൽ തുടരുവാൻ അസൌകര്യം അറിയിച്ചിട്ടുണ്ടെന്നും , ആയതിനാൽ പുതിയ മറ്റൊരു ഡ്രൈവറെ താല്ക്കാലികമായി നിയോഗിക്കണമെന്നും കാണിച്ച് സർക്കിൾ 6 സീനിയർ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹിറ്റാച്ചി ഓപ്പറേറ്ററുടെ താല്ക്കാലിക നിയമനത്തിനായി പത്രപരസ്യം നടത്തി ഇന്റർവ്യൂ നടത്തിയെങ്കിലും ഒരു ഉദ്യോഗാർത്ഥി മാത്രമാണ് ഹാജരായത് . തുടർന്ന് പ്രസ്തുത ഉദ്യോഗാർത്ഥിയുടെ പ്രായോഗിക നൈപുണ്യ പരിശോധന നടത്തിയിതിന്റെ റിപ്പോർട്ട് മെക്കാനിക്കൽ എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ കനത്ത മഴ പെയ്ത് കൊണ്ടിരിക്കെ ഹിറ്റാച്ചി അടിയന്തരമായി ഓടേണ്ട സാഹചര്യം നിലവിലുള്ളതിനാൽ ഇന്റർവ്യൂവിന് ഹാജരായിരുന്ന **ശ്രീ. ശ്യാം ബാബു, അമ്പലപ്പറമ്പിൽ ഹൗസ്, മണകുളങ്ങര പി.ഒ., കൊടകര** എന്നവരെ താത്ക്കാലികമായി 89 ദിവസത്തേക്ക് നിയമിക്കുന്നതിന് ബഹു. മേയറിൽ നിന്നും മുൻകൂർ അനുമതി ലഭിച്ചിട്ടുള്ളതാണ്.

ആയതിനാൽ ഹിറ്റാച്ചി ഓപ്പറേറ്ററുടെ താല്ക്കാലിക നിയമനവുമായി ബന്ധപ്പെട്ട് മുൻകൂർ അനുമതി നല്കിയ ബഹു.മേയറുടെ നടപടി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

53. **വിഷയം (ഫയൽ നമ്പർ - 4333611-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പി.എച്ച്. 9 - ലാലൂർ ആത്മജ്യോതി ക്രമിറ്റോറിയത്തിലേക്ക് ഗ്യാസ് സിലണ്ടറുകൾ വിതരണം ചെയ്തതിനുള്ള തുക അനുവദിക്കുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ലാലൂർ ആത്മജ്യോതി ക്രമിറ്റോറിയത്തിലേക്ക് ഗ്യാസ് സിലണ്ടറുകൾ വിതരണം ചെയ്തതിന് സെന്റ്. ആൻസ് ഡിസ്ട്രിബ്യൂട്ടേഴ്സ്, അരണാട്ടുക്കര എന്ന സ്ഥാപനത്തിന് തുക അനുവദിക്കുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ് - 48 ഗ്യാസ് സിലണ്ടറുകൾ വിതരണം ചെയ്തതിന് 1,51,104/- രൂപയാണ് ടി

സ്ഥാപനത്തിന് അനുവദിക്കുന്നത്.വിശദാംശങ്ങൾ

ചുവടെ

കൊടുത്തിരിക്കുന്നു.

| S No. | Invoice No. | No. Of cylinder | Amount | |
|---|---|---|---|---|
| 1 | A796 | 16 | 50,368 | |
| 2 | A860 | 16 | 50,368 | |
| 3 | A1020 | 8 | 25,184 | |
| 4 | A1054 | 8 | 25,184 | |
| | Total | 48 | 151104 | |

54. **വിഷയം (ഫയൽ നമ്പർ - 5648995-2026)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - അധിക വാഹനങ്ങൾക്കനുസൃതമായി താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ.അമൽദേവ്. കെ എന്നവരെ ഡെപ്യൂട്ടി മേയറുടെ വാഹനത്തിന്റെ ഡ്രൈവറായി താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ബഹു. മേയറുടെ നിർദ്ദേശ പ്രകാരം ജോലിക്ക് നിയോഗിച്ച നടപടി സാധൂകരണത്തിനായി ബഹു.കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ അധികവാഹനങ്ങൾക്കനുസൃതമായി ഡ്രൈവർമാരെ താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിച്ച് വരുന്നുണ്ട്. ഡെപ്യൂട്ടി മേയറുടെ വാഹനത്തിന്റെ ഡ്രൈവറായി ജോലി ചെയ്തിരുന്ന ശ്രീ.പ്രവീൺ.പി.പി എന്നവരെ മാറ്റി പകരം ശ്രീ.അമൽദേവ്.കെ,ചങ്ങരത്ത് ഹൌസ്,അമല നഗർ,തൃശ്ശൂർ എന്നവരെ 08.07.2025 തീയതി മുതൽ താല്കാലിക ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ നിയമിച്ച ബഹു.മേയറുടെ നടപടി സാധൂകരണത്തിനായി ബഹു.കൌൺസിൽ മുമ്പാകെ

കുറിപ്പ്

1.നിലവിൽ ഈ കാര്യാലയത്തിൽ അനുവദിച്ചിട്ടുള്ള 7LDV+2HDV തസ്തികകളിൽ ഒഴിവുകൾ ഇല്ലാത്തതാണ്.

2.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കരാർ/താല്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തേണ്ടതാണ് എന്ന് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. (30/10/2025 തിയ്യതിയിലെ LSGD/55840/2023 DEF-6 നമ്പർ കത്ത്)

55. **വിഷയം (ഫയൽ നമ്പർ - 663952-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ആരോഗ്യ വിഭാഗം - പി.എച്ച് 6- 64-മത് സംസ്ഥാന സ്കൂൾ കലോൽസവം - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

സൂചന : ബഹു.മേയറുടെ മുൻകൂർ അനുമതി

തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ഹെൽത്ത് സെക്ഷൻ - 64-മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികൾക്കും , ഉദ്യോഗസ്ഥർക്കും അഭിനന്ദനാർഹമായ വിധം പ്രവർത്തികൾ പൂർത്തീകരിച്ചതിന് കോർപ്പറേഷന്റെ നേതൃത്വത്തിൽ ആദരവ് നൽകുന്നതുമായി ബന്ധപ്പെട്ട ചടങ്ങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ 24/01/2026- ന് ഒരുക്കുന്നതിന് ക്ലീൻ സിറ്റി മാനേജർക്ക് ബഹു.മേയർ കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയതനുസരിച്ച് ക്ലീൻ സിറ്റി മാനേജർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും, സജ്ജീകരിക്കുന്നതിനും ശ്രീമതി.കാർത്തിക.സി, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്നവരെ ചുമതലപ്പെടുത്തുത്തിയിട്ടുള്ളതാണ്. പരാമർശം (1) പ്രകാരം 60,000/- മുൻകൂർ അനുവദിക്കുന്നതിന് ബഹു. മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത ചടങ്ങുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 60,000/- (Sixty Thousand) രൂപ ശ്രീമതി.കാർത്തിക.സി, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ എന്നവർക്ക് മുൻകൂർ അനുവദിച്ച ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

56. **വിഷയം (ഫയൽ നമ്പർ - 6826917-2025)**

WS1-6826917-2025 താൽക്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിയമനം- ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് -സംബന്ധിച്ച്

**വിവരണം**

ജലവിതരണ വിഭാഗത്തിൽ താൽക്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതയായിരുന്ന ശ്രീമതി അശ്വതി കെ ആർ എന്നവരുടെ നിയമന കാലാവധി 09.07.2026 ൽ പൂർത്തിയായതിനെതുടർന്ന് ടിയാളെ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണ്.ടി ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തതുപ്രകാരം ലിസ്റ്റ് ലഭ്യമായിട്ടുള്ളതും ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

അവശ്യസർവ്വീസായ ജലവിതരണ വിഭാഗത്തിലെ അടിയന്തിര ദൈനംദിന പ്രവർത്തികൾ സമയബന്ധിതമായി നിർവഹിക്കേണ്ടതിനാൽ ടി ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനനടപടികൾ പൂർത്തിയാകുന്നവരേക്കും ടി തസ്തിക ഒഴിച്ചിടുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന് അംഗീകാരം ലഭിച്ച് ഉദ്യോഗാർത്ഥിക്ക് നിയമനോത്തരവ് നൽകി ടി തസ്തികയിൽ നിയമിക്കുന്നത് വരെ മേൽ തസ്തികയിൽ പ്രവർത്തിപരിചയമുള്ള ജീവനക്കാരെ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതായിട്ടുണ്ട്.

ശ്രീമതി .അശ്വതി കെ ആർ എന്നവർ ടി തസ്തികയിൽ താൽക്കാലിക നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.പുതിയ നിയമനം കൌൺസിൽ അംഗീകാരം ലഭിച്ചു ടി തസ്തികയിൽ നിയമനം നടത്തുന്നതുവരെ നിയമാനുസൃത ബ്രേക്ക് നൽകി ടിയാരിയെ താൽക്കാലികമായി തുടരുന്നതിന് ബഹു.മേയർ 06.07.2026 ൽ അനുമതി നൽകിയിട്ടുള്ളതാണ്.ബഹു.മേയറുടെ മുൻകൂർ അനുമതി കൌൺസിൽ സാധൂകരണത്തിനായി സമർപ്പിക്കുന്നു.

57. **വിഷയം (ഫയൽ നമ്പർ - 4777247-2026)**

തൃശൂ ർ കോർപറേഷൻ -Shakthan Arcade TUDA LIFTന്റെ PERIODIC INSPECTION ഫീ 2015 -16 മുതൽ 2025 -26 വരെയു ള്ളത് 106818/- രൂ പ അടവാക്കു ന്നതു -സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷൻ Shakthan arcade TUDA LIFTന്റെ PERIODIC INSPECTION ഫീ 2015 -16 മുതൽ 2025 -26 വരെയുള്ള 1,06,818/രൂപ അടവാക്കുന്നതിനായി ELECTRICAL INSPECTORATE ഇൽ നിന്നുള്ള പീരിയോഡിക് ഇൻസ്പെക്ഷൻ ഫീസ് Calculation Statement അയച്ചു നൽകിയിട്ടുണ്ട് , Shakthan Arcade TUDA Building ൽ HT connection ആണ് ഉള്ളതെന്നും അതിനാൽ ELECTRICAL INSPECTORATE PERIODIC INSPECTION നടത്താറുണ്ടെന്നും , നിലവിൽ ടി കെട്ടിടത്തിൽ electrical maintenance പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുളതിനാൽ ആയതിനു electrical inspectorate ൽ നിന്നുള്ള അനുമതിക്കു വേണ്ടി ഫയൽ സമർപ്പിക്കുമ്പോൾ കുടിശ്ശിക ആയിട്ടുള്ള തുക 2015 -16 മുതൽ 2025 -26 വരെയുള്ള PERIODIC INSPECTION ഫീ Rs. 106818 /- അടവാക്കേണ്ടതുണ്ടെന്നും കോർപറേഷൻ ഇലെക്ട്രിക്കൽ എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയത് ഓഫീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൗൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിനു ള്ള ബഹു. ധനകാര്യ കമ്മിറ്റി യുടെ 27-06-2026 ലെ 57 നമ്പർ തീരുമാനം ബഹു കൗണ്സിൽ മുൻപാകെ .

58. **വിഷയം (ഫയൽ നമ്പർ - 1307265-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- 3.01.2026 തിയതിയിൽ വടക്കേച്ചിറ ബസ് ടെർമിനൽ ,ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് എന്നീ ഇനങ്ങളിൽ ടെണ്ടർ /ലേലം വിളിച്ചതിൽ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത ഇനങ്ങളിൽ ടെണ്ടർ /ലേലം ഉറപ്പിക്കുന്ന വിഷയം സംബന്ധിച്ച് .

**വിവരണം**

തൃശൂർ കോർപ്പറേഷൻ റവന്യൂ വിഭാഗം 2025 -26 13.01.2026 തിയതിയിൽ വടക്കേച്ചിറ ബസ് ടെർമിനൽ, ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് എന്നീ ഇനങ്ങളിൽ ടെണ്ടർ/ലേലം വിളിച്ചതിൽ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത ഇനങ്ങളിൽ ഓഫീസ് നിരക്കിനേക്കാൾ കൂടിയ നിരക്ക് രേഖപ്പെടുത്തിയ ക്രമനമ്പർ 1. വടക്കേച്ചിറ ബസ് ടെർമിനൽ റൂം നമ്പർ-9, ക്രമനമ്പർ-4 ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് 12/177/24 അടിസ്ഥാന നിരക്കിനേക്കാൾ 50/-രൂപയുടെ വർദ്ധനവാണ് ലേലത്തിൽ പറഞ്ഞിരിക്കുന്നത്. ക്രമനമ്പർ-5 ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് 12/177/26 അടിസ്ഥാന നിരക്കിനേക്കാൾ 80/-രൂപ വർദ്ധനവാണ് ലേലത്തിൽ പറഞ്ഞിരിക്കുന്നത് ഈ രണ്ടു മുറികളും മൂന്ന് ടെണ്ടർ ഒരു ഓഫർ എന്നിവ കഴിഞ്ഞിട്ടുള്ളതിനാൽ ഈ ടെണ്ടറുകൾ അംഗീകരിക്കുന്ന വിഷയവും ആരും പങ്കെടുക്കാത്ത കടമുറികൾ വീണ്ടും പുനർ ലേലം ചെയ്യുന്ന വിഷയവും കൗൺസിലിലേക്ക് ശുപാർശ ചെയ്ത ധനകാര്യ കമ്മിറ്റിയുടെ 20.06.26 തിയതിയിലെ തീരുമാനം കൗൺസിൽ അംഗീകാരത്തിനായി .

| ക്രമനമ്പർ | ടെണ്ടർ/ ലേലം വിളിച്ച ഇനം | ഓഫീസ് വിളി | വിളിച്ച നിരക്ക് | നിരതദ്രവ്യം | ടെണ്ടർ/ ലേലം/ ക്വട്ടേഷൻ | പേര് വിവരം |
|---|---|---|---|---|---|---|
| 1<br>2 | **വടക്കേച്ചിറ ബസ് ടെർമിനൽ റൂം നമ്പർ- 9 (2122 sq.ft) (ഹോട്ടൽ)** | **2,12,200/-** | **215000/-<br>214000/-** | **75000/-<br>75000/-** | **ലേലം<br>ലേലം** | **ഷീല സേവ്യർ (ഷീലാസ് കിച്ചൻ) കുറ്റിച്ചാക്കു (h) സ്കൈ ലൈൻ, ഗാർലാന്റ് , സുര്യ ഗ്രാമം, ഈസ്റ്റ് ഫോർട്ട്, തൃശൂർ ബെവിൻ ഷോമി മരിയ ഭവൻ, മിനി സ്റ്റേഷൻ റോഡ്,** |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | **അഞ്ചേരി .പി.ഒ.** |
| 2 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് (SF)12/177/22 (190 sq.ft) | 7600/- | - | 25000/- | ലേലത്തിൽ ആരും പങ്കെടുത്തില്ല . | - |
| 3 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് (SF)12/177/23(190 sq.ft) | | | | ലേലത്തിൽ ആരും പങ്കെടുത്തില്ല . | - |
| 4 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് (SF)12/177/24(190 sq.ft) | 7600/- | 7650/- | 25000/- | ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തു . | ടിറ്റോ .പി.ടി പൂവ്വത്തിങ്കൽ വീട്, സ്വരാജ് നഗർ, നെല്ലിക്കുന്ന് |
| 5 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് (SF)12/177/26(233sq.ft) | 9320/- | 9400/- | 25000/- | ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തു . | പ്രകാശൻ .കെ.വി കണ്ടുരുത്തി വീട്, കുറ്റുമുക്ക് |

കുറിപ്പ്.: 24.07.26 തിയതിയിലെ 78 ആം നമ്പർ കൌൺസിൽ തീരുമാനപ്രകാരം ടി വിഷയം അടുത്ത കൌൺസിലിലേക്ക് മാറ്റി വെച്ചിട്ടുള്ളതാണ് .

59. **വിഷയം (ഫയൽ നമ്പർ - 4125218-2026)**

തൃശൂർ കോർപ്പറേഷൻ ശക്തൻ ഗ്രൌണ്ട് ജെമിനി സർക്കസ് പ്രദർശനത്തിനായിഅനുവദിച്ച ഇനത്തിൽ റീഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് .

**വിവരണം**

തൃശൂർ കോർപ്പറേഷൻ ശക്തൻ ഗ്രൌണ്ട് ജെമിനി സർക്കസ് പ്രദർശനത്തിനായി 19 .3.2026 മുതൽ 27 .4.2026 വരെ അനുവദിച്ചതിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയ 1,10,000/- രൂപ റീഫണ്ട് ആവശ്യപ്പെട്ട് ശ്രീ .വി. രഘുനാഥ് ,ജെമിനി സർക്കസ് എന്നവർ സമർപ്പിച്ച അപേക്ഷയിൽ തുക അനുവദിക്കുന്നതിന് 27-06-2026 തിയതിയിലെ ധനകാര്യ കമ്മിറ്റി കൌൺസിലിലേക്ക് ശുപാർശ ചെയ്ത വിഷയം കൌൺസിൽ അംഗീകാരത്തിനായി .

കുറിപ്പ് :

1. ജെമിനി സർക്കസ് നടന്ന ശക്തൻ ഗ്രൌണ്ട് പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ടെന്നും നിക്ഷേപമൊന്നും അവശേഷിപ്പിച്ചിട്ടില്ലെന്നും SD തുക തിരിച്ച് നൽകാമെന്നും ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

60. **വിഷയം (ഫയൽ നമ്പർ - 3859955-2026)**

മേനാച്ചേരി ഷോപ്പിങ്ങ് കോംപ്ലക്സ് - വാടക സംബന്ധിച്ച്

**വിവരണം**

നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും കാലപ്പഴക്കത്താൽ തകർന്ന് വീണതുമായ മേനാച്ചേരി മെമ്മോറിയൽ കെട്ടിടത്തിന്റെ പുനർനിർമാണം നടത്തിയതിൽ താഴത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് പാർഷ്യൽ ഒക്യുപൻസി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 14 വരെയുള്ള താഴത്തെ നിലയിലെ കടമുറികൾക്ക് 36/260/1 മുതൽ 36/260/14 വരെ കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളതാണ് . കാലപ്പഴക്കത്താൽ തകർന്നു വീണ പഴയ കെട്ടിടത്തിലെ കച്ചവടക്കാർക്ക് പകരം സംവിധാനം ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിടത്തിന്റെ നിർമ്മാണ ഘട്ടത്തിൽ വ്യാപാരികളുമായി നടത്തിയ മിനുട്സിൽ രേഖപ്പെടുത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മേൽ കെട്ടിടത്തിലെ കടമുറികൾ നിലവിൽ ഉണ്ടായിരുന്ന കച്ചവടക്കാർക്കു തന്നെ തിരികെ നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ് . .07/11/2025 തീയ്യതിയിൽ കൂടിയ കോർപറേഷൻ കൌൺസിലിലെ 26/1 നമ്പർ തീരുമാനം പ്രകാരം കടമുറികൾ നറുക്കെടുപ്പിലൂടെ അനുവദിച്ച് അംഗീകരിച്ചിട്ടുള്ളതാണ് .

പഴയ മേനാച്ചേരി കെട്ടിടം പൊളിഞ്ഞ് വീണതിനെ തുടർന്ന് പുനരധിവാസം സംബന്ധിച്ച് 26/07/2021 ൽ നടന്ന യോഗത്തിൽ പുതുതായി പണിയുന്ന കെട്ടിടത്തിൽ ചതുരശ്ര അടിക്ക് 100 രൂപാ വാടക നിരക്ക് ആണന്നും ആയത് അംഗീകരിക്കാൻ കഴിയില്ലെന്ന് വ്യാപാരികൾ അറിയിക്കുകയും തുടർന്ന് നിയമപരമായ ഇളവുകൾ സർക്കാരിന്റെ അനുമതിയോടു കൂടി പരിഗണിക്കുന്ന കാര്യം ചർച്ച ചെയ്യാമെന്നും ബഹു MAYOR അറിയിച്ചിരുന്നതാണ് . നഗരസഭയുടെ മാർക്കറ്റ് റേറ്റ് 2017 ലാണ് നിശ്ചയിച്ചിട്ടുണ്ടയിരുന്നത് . 9 വർഷം കഴിഞ്ഞതിനാൽ ആനുപാതിക വർദ്ധനവെന്ന നിലയിൽ ചതുരശ്ര മീറ്ററിന് 100 രൂപാ കണക്കാക്കി വാടക നശ്ചയിക്കുകയും തുടർന്ന് നഗരസഭയുടെ ബൈലോ പ്രകാരം പുനരധിവാസത്തിൽ ഉൾപെടുത്തി 15 ശതമാനം ഇളവ് അനുവദിച്ച് 85 രൂപാ നിരക്കിൽ വാടക കണക്കാക്കിയാണ് നൽകിയിരുന്നത് ആയതു വ്യാപാരികളുമായുള്ള യോഗത്തിൽ അറിയിച്ചിട്ടുണ്ടായിരുന്നതും വാക്കാൽ സമ്മതിചിട്ടുള്ളതുമായിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ

09/03/2026 തീയ്യതിയിലെ 60 നമ്പർ കൌൺസിൽ തീരുമാനത്തിന്റെ പ്രകാരം ഗ്രൌണ്ട് ഫ്ലോറിലെ 1 മുതൽ 14 വരെയുള്ള കടമുറികൾക്ക് താഴെ പറയും പ്രകാരം അഡ്വാൻസ് റെന്റ് , ഡെപോസിറ്റ് എന്നിവ അടവാക്കി 200/- രൂപയുടെ മുദ്ര പത്രത്തിൽ എഗ്രിമെന്റ് സമർപ്പിച്ച് ഏറ്റെടുക്കുന്നതിന് 7 ദിവസത്തെ സാവകാശം നൽകി 12/03/2026 ന് ഉത്തരവ് നൽകി യിട്ടുണ്ടായിരുന്നു

| SHOP NUMBER | BUILDING NUMBER | SHOP NAME | LICENSEE | AREA SQ FEET | MONTHLY RENT | GST | DEPOSIT | RENT ADVANCE |
|---|---|---|---|---|---|---|---|---|
| 1 | 36/260/1 | ELITE | MANDY JOSE | 177.28 | 15070 | 2712.6 | 180840 | 15070 |
| 2 | 36/260/2 | MOOKEN | RENJITH SUNNY | 170.5 | 14500 | 2610 | 174000 | 14500 |
| 3 | 36/260/3 | POPULAR | SHEMY | 170.5 | 14500 | 2610 | 174000 | 14500 |
| 4 | 36/260/4 | CITY | ANTONY JOHN | 170.5 | 14500 | 2610 | 174000 | 14500 |
| 5 | 36/260/5 | GYPCO | P.G. IYYAPPAN | 170.5 | 14500 | 2610 | 174000 | 14500 |
| 6 | 36/260/6 | FRIENDS | ALPHONSA | 170.5 | 14500 | 2610 | 174000 | 14500 |
| 7 | 36/260/7 | C R JOSEPH | C J JOSE | 313.66 | 26670 | 4800.6 | 320040 | 26670 |
| 8 | 36/260/8 | KALYAN | T P SEETHARAMAN | 413.23 | 35130 | 6323.4 | 421560 | 35130 |
| 9 | 36/260/9 | C J FRANCI | ALICE JOSEPH | 407.1 | 34610 | 6229.8 | 415320 | 34610 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | S | | | | | | |
| 10 | 36/260/10 | BYJU ( BINI ) | BINI KOCHAPPU | 407.1 | 34610 | 6229.8 | 415320 | 34610 |
| 11 | 36/260/11 | MOLY BABU | MOLY BABU | 407.1 | 34610 | 6229.8 | 415320 | 34610 |
| 12 | 36/260/12 | LEBA | ANTO. K.PETER | 407.1 | 34610 | 6229.8 | 415320 | 34610 |
| 13 | 36/260/13 | WAVES | ANNIE JOHN | 420.66 | 35760 | 6436.8 | 429120 | 35760 |
| 14 | 36/260/14 | BYJU (N J) | N J BYJU | 403 | 34260 | 6166.8 | 411120 | 34260 |

നോട്ടീസ് കൈപറ്റിയവരാരും തന്നെ തുക അടവാക്കുന്നതിനോ എഗ്രിമെന്റ് ഹാജരാക്കുന്നതിനോ തയാറാകാത്ത സാഹചര്യത്തിൽ 27/03/2026 ന് 7 ദിവസം സാവകാശം നൽകി വീണ്ടും നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ ആരും തന്നെ എഗ്രിമെന്റ് വച്ച് കടമുറി ഏറ്റെടുക്കുന്നതിന് തയ്യാറായിട്ടില്ലാത്തതാണ്.

2018-19 വർഷത്തിലെ പ്രളയത്തിൽ തകർന്നു വീണതിനെ തുടർന്ന് 100 വർഷം പഴക്കമുള്ള മേനാച്ചേരി കെട്ടിടത്തിന്റെ ഭാഗങ്ങൾ പൂർണ്ണമായി അന്നത്തെ ഭരണ സമിതി പൊളിച്ചു നീക്കി എന്നാൽ മേനാച്ചരി കെട്ടിടത്തിലെ പഴയ വാടക്കാരും കോർപറേഷനും തമ്മിലുള്ള എഗ്രിമെന്റ് നാളിതുവരെ യായിട്ടും ക്യാൻസൽ ചെയ്തിട്ടില്ലെന്നും ,2019 ൽ നിലവിലുള്ള എഗ്രിമെന്റ് പുതുക്കി കാലാനുസൃതമായ വർദ്ധന വരുത്തി മുറികളുടെ വാടക നിശ്ചയിക്കണമെന്നും കോർപറേഷൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സ്ക്വയർഫീറ്റിന് 85 രൂപ നിരക്ക് പുതിയ കെട്ടിടത്തിലേക്ക് പുതിയ വാടകക്കാരെ ടെൻഡർ വിളിച്ചു കൊടുക്കുമ്പോൾ നിശ്ചയിക്കുന്ന വാടക രീതിയാണ്. എന്നാൽ മേനാച്ചേരി കെട്ടിടത്തിലെ ഓൽഡ് റെൻറേഴ്സ് ആയതിനാൽ 2019 ലെ എഗ്രിമെന്റ് പുതുക്കാൻ അനുമതി നൽകണമെന്നും , 09/03/2026 തീയ്യതിയിലെ 60 നമ്പർ കൌൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വാടക വർദ്ധനവ് പുനപരിശോധിക്കണമെന്നും കാണിച്ച് ജോസ് തട്ടിൽ മണ്ടി തുടങ്ങിയ 14 പേർ 02/05/2026 തീയ്യതിയിൽ സമർപ്പിച്ച അപേക്ഷ20-06-2026 തീയ്യതിയിലെ ധനകാര്യ സ്റ്റാൻറിങ്ങ് കമ്മറ്റിയുടെ 2 നമ്പർ തീരുമാനം പ്രകാരം ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് ബഹു. കൌൺസിലിന്റെ പരിഗണനക്കായി

കുറിപ്പ്

1. നഗരത്തിന്റെ ഹൃദയഭാഗത്ത് വളരെയേറെ വാണിജ്യ മൂല്യമുള്ള സ്വരാജ് റൌണ്ടി ൽ ജനറൽ ഹോസ്പിറ്റലിന്റെ അടുത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിനു നാളിതുവരെ 2.25 കോടി രൂപ ചെലവഴിച്ചിട്ടുള്ളതും ഇനിയും 2.25 കോടി രൂപ കൂടി

പദ്ധതിയിലുൾപെടുത്തിയിട്ടുള്ളതും അണ്ടർ ഗ്രൌണ്ട് പാർക്കിങ്ങ് ഉൾപെടെ ആധുനീക രീതിയിൽ പണിതിട്ടുള്ളതു മാണ് പ്രസ്തുത സ്ഥലത്തിന്റെ വാണിജ്യ മൂല്യവും കോടികൾ വിലമതിക്കുന്നതാണ് .

2. കടമുറികൾ എഗ്രിമെന്റ് വച്ച് ഏറ്റെടുക്കാതിരിക്കുന്നത് തനത് വരുമാനത്തെയും , വികസന പ്രവർത്തനങ്ങളെയും ബാധിക്കുന്നതും ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടയാക്കുന്നതുമാണ്
3. 26/07/2021 ൽ ബഹു MAYOR ടെ CHAMBER ൽ നടന്ന യോഗത്തിൽതന്നെ ചതുരശ്ര അടിക്ക് 100 രൂപനിരക്കിൽ നൽകേണ്ടി വരുമെന്ന് പറഞ്ഞിട്ടുള്ളതും ഇളവ് നൽകുകകയാണെങ്കിൽ സർക്കാർ അനുമതിക്ക് വിധേയമായി മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ടായിരുന്നു.
4. തകർന്ന് വീണ കെട്ടിടത്തിലെ ലൈസൻസികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് പ്രത്യേക കൌൺസിൽ തീരുമാനങ്ങൾ എടുത്തിട്ടില്ലാത്തതും എന്നാൽ അതോടനുബന്ധിച്ച് നടത്തിയ യോഗങ്ങളിലെ മിനുട്സുകളിൽ പുനരധിവാസം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

61. **വിഷയം (ഫയൽ നമ്പർ - 5350519-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- തൃശൂർ സപ്ലൈ കോ -ഓണം 2026-ജില്ല ഫെയർ നടത്തുന്നതിന് സൌജന്യമായി സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് .

**വിവരണം**

തൃശൂർ കോർപ്പറേഷൻ - തൃശൂർ സപ്ലൈ കോ- ഓണം 2026 -ജില്ലാ ഫെയർ നടത്തുന്നതിന് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പാലസ് ഗ്രൌണ്ടിൽ (ഹോക്കി ഗ്രൌണ്ട്)ഇന്ത്യൻ ഡ്രൈവിംഗ് സ്കൂളിന്റെ വലത് വശത്തെ മതിലിനോട് ചേർന്ന സ്ഥലം 14.08.26 മുതൽ 26.08.26 വരെ സൌജന്യമായി ഡിപ്പോ മാനേജർ കെ.എസ്.സി.എസ്.സി.ഡിപ്പോ (സപ്ലൈ കോ)കുരിയച്ചിറ ,തൃശൂർ എന്നവർക്ക് അനുവദിക്കുന്ന വിഷയം കൌൺസിൽ അംഗീകാരത്തിനായി .

കുറിപ്പ്.

തദ്ദേശ സ്വയംഭരണ(ഡിസി 0)വകുപ്പ് സ.ഉ. (സാധാ)2536/2016/ത.സ്വ.ഭ.വ ,തിരുവനന്തപുരം ,തിയതി 27.08.20 പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളിലും നടത്തുന്ന ഓണച്ചന്തകളെ സ്ഥലവാടകയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഉത്തരവ് സമർപ്പിച്ചിട്ടുണ്ട്.

62. **വിഷയം (ഫയൽ നമ്പർ - 6414645-2025)**

തൃശ്ശൂർ കോർപ്പറേഷൻ-നഗരാസൂത്രണ വിഭാഗം-മാറ്റാപുറത്ത് കാവൽജോലി ചെയ്യുന്ന ശ്രീ.എസ്.കെ .വിജയൻ എന്നവരുടെ സേവനകാലാവധി ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്

**വിവരണം**

മാറ്റാംപുറത്തെ കോർപ്പറേഷൻ വക 15.66 1/4 ഏക്കർ സ്ഥലത്ത് ശ്രീ.എസ്.കെ.വിജയൻ എന്നവർ 2025 ജനുവരി 1 മുതൽ 24 മണിക്കൂർ കാവൽ ജോലി ചെയ്തു വരുന്നതാണ്.ടിയാന്റെ സേവന കാലാവധി 31/12/2025 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം ആറുമാസക്കാലത്തേക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു.പ്രസ്തുത കാലാവധി 30/06/2026 ന് അവസാനിക്കുന്നതിനാൽ ടിയാനെ തുടർന്നും ജോലിയിൽ തുടരുന്നതിന്

അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ 23/05/2026 ന്അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ടിയാന്റെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകുന്ന വിഷയം നിയമാനുസൃതം ബഹു: കൌൺസിലിന്റെ പരിഗണനയ്ക്ക്.

**കുറിപ്പ്-**

1.27/06/2026 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനപ്രകാരം ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

63. **വിഷയം (ഫയൽ നമ്പർ - 3490580-2026)**

തൃശ്ശൂർ കോർപ്പറേഷൻ-ജി8-3490580- സ്റ്റോർ -കൌൺസിൽ,പ്ലാനിംഗ് വിഭാഗത്തിലെ പുതിയ കാനോൺ ഫോട്ടോസ്റ്റാറ്റ് മെഷീനുകളിലേക്ക് ടോണർ വാങ്ങിയത് സംബന്ധിച്ച്.

**വിവരണം**

കൌൺസിൽ,പ്ലാനിംഗ് വിഭാഗത്തിലെ പുതിയ കാനോൺ ഫോട്ടോസ്റ്റാറ്റ് മെഷീനുകളിലേക്ക് ( Mission Image runner 2945) ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം ജെം പോർട്ടൽ മുഖേന 5 ടോണർ വാങ്ങിയിരുന്നു.ഈ ഇനത്തിൽ 34495/- രൂപയുടെ ബിൽ 'CBS CORPORATE BUSINESS SOLUTION PVT.LTD.'എന്ന സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്.

ബിൽ പ്രകാരമുള്ള 5 ടോണറുകൾ സ്റ്റോറിൽ ലഭ്യമായിട്ടുള്ളതും ആയത് 2026-27 സ്റ്റോക്ക് രജിസ്റ്റർ 6 ലെ പേജ് 170 ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയവും പ്രസ്തുത ബിൽ തുക അനുവദിക്കുന്ന വിഷയവും ബഹു.കൌൺസിലിന്റെ അനുമതിക്കായി.

| ITEM | QTY IN NO.S | UNIT PRICE | SGST | CGST | TOTAL |
|---|---|---|---|---|---|
| canon NPG 90 Toner BK OTH | 5 | 5846.61 | 2630.98 | 2630.98 | 34495.01 |

കുറിപ്പ്

1. ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും, പ്രസ്തുത ബിൽ തുക അനുവദിക്കുന്നതിന് ബഹു.കൌൺസിലിലേക്ക് ശുപാർശ ചെയ്യുന്നതിന് ബഹു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.06.2026 തീയതിയിലെ 41 ആം നമ്പർ പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്

64. **വിഷയം (ഫയൽ നമ്പർ - 2394940-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-പൊതുഭരണ വിഭാഗം-സ്കൈ വാക് ലിഫ്റ്റ് കെയർടേക്കർമാരുടെ സേവന കാലാവധി പൂർത്തിയാകുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ശക്തൻ സ്റ്റാൻഡിലുള്ള സ്കൈവാക്കിന്റെ ലിഫ്റ്റ് സുഗമമായി പ്രവർത്തിപ്പിക്കുന്നതിനും ആയത് സംരക്ഷിക്കുന്നതിനുമായി ലിഫ്റ്റ് കെയർടേക്കർമാരായി താല്കാലിക ദിവസവേതനാടിസ്ഥാനത്തി.ൽ നിയമിച്ചിട്ടുള്ള ശ്രീ.സമീഷ്.പി.എസ്, ശ്രീ.ജോബി.ഐ.ടി എന്നിവരുടെ സേവനകാലാവധി 30.07.2026

തീയ്യതി പൂർത്തിയാവുകയാണ്. ടി ആളുകളെ ഒഴിവാക്കി പുതിയ നിയമനം നടത്തുന്ന വിഷയം കൌൺസിൽ പരിഗണനക്ക്

കുറിപ്പ്

1)ടി ജീവനക്കാരെ താല്കാലികമായി നിയമിച്ച നടപടി സാധൂകരണത്തിനായി ബഹു.സർക്കാരിലേക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഇതുവരെയും അനുമതി ലഭ്യമായിട്ടില്ലതതാണ്

2) എല്ലാ നിയമനങ്ങളും എമ്പ്ലോയ്മെന്റ് എക്സേന്ച് മുഖാന്തിരമാണ് നടത്തേണ്ടത്

65. **വിഷയം (ഫയൽ നമ്പർ - 4419370-2026)**

PH 4 - തൃശ്ശൂർ കോർപ്പറേഷൻ -ആരോഗ്യ വിഭാഗം - ഖരമാലിന്യ പരിപാലന ചട്ടങ്ങൾ -2026 നടപ്പിലാക്കുന്നത് സംബന്ധിച്ച്

**വിവരണം**

നിലവിലുള്ള 2016 ലെ ഖരമാലിന്യ ചട്ടങ്ങൾക്ക് പകരമായി പുതിയ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ -2026 ഏപ്രിൽ 1/2026 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ് .പ്രസ്തുത ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങൾ /കേന്ദ്ര ഭരണ പ്രദേശങ്ങൾ / തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് ബഹു : സുപ്രീം കോടതി സമഗ്രമായ നിർദ്ദേശം നൽകിയിട്ടുമുള്ളതാണ് .ആയതു ബഹു കൗൺസിൽ മുൻപാകെ. അറിവിലേക്ക് സമർപ്പിക്കുന്നു

കുറിപ്പ്.

1 ബഹു ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റയുടെ 27/06/2026 തീയ്യതിയിലെ (4)നമ്പർ തീരുമാന പ്രകാരം ഖരമാലിന്യ പരിപാലന ചട്ടങ്ങൾ -2026 നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നതിന് തീരുമാനമായിട്ടുള്ളതാണ് .

2 ബഹു :കൗൺസിൽ മുൻപാകെ അജണ്ട സമർപ്പിച്ചിരുന്നുവെങ്കിലും 14/07/2026 തീയ്യതിയിലെ 79 -നമ്പർ കൗൺസിൽ തീരുമാന പ്രകാരം അജണ്ട മാറ്റി വച്ചിട്ടുള്ളതാണ്.

3 ബഹു സുപ്രീം കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട് എല്ലാ തദ്ദേശ്ശ ഭരണ സ്ഥാപനങ്ങളും താഴെ പറയുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണെന്ന് WM1 /50/2026/LSGD തീയതി :22-03-2026 സർക്കുലർ പ്രകാരം നിർദ്ദേശ്ശിച്ചിട്ടുള്ളതാണ്. സർക്കുലറിലെ പ്രധാന നിർദ്ദേശ്ശങ്ങൾ ചുവടെ ചേർക്കുന്നു

- നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ജൈവ, അജൈവ തരം തിരിവിനൊപ്പം 2026 ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളിൽ വിവരിച്ചിട്ടുള്ള നാലു തരം വേർതിരിക്കൽ രീതി ഉറപ്പു വരുത്തേണ്ടതാണ്

  1 DRY WASTE
  2 WET WASTE
  3 SANITAR WASTE
  4 SPECIAL CARE WASTE

- തദ്ദേശ്ശ ഭരണ സ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള എല്ലാ മാലിന്യ ഉല്പാദകർക്കും , വൻകിടമാലിന്യ ഉല്പാദകർക്കും , ഖര മാലിന്യ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾക്കും മേൽ പ്രകാരമുള്ള തരം തിരിക്കൽ സംബന്ധിച്ച വ്യക്തമായ അവബോധവും ,അവ പാലിക്കുന്നതിന് കർശന നിർദ്ദേശ്ശവും നൽകേണ്ടതാണ്

- തിരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികൾ എന്ന നിലയിൽ തദ്ദേശ്ശ സ്ഥാപന അദ്ധ്യക്ഷർ / കൗൺസിലർമാർ എന്നിവർ ഉറവിട മാലിന്യ സംസ്കരണത്തിന്റെ മുഖ്യ സഹായികളായി പ്രവർത്തിക്കേണ്ടതാണ് .ബഹു സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം , തങ്ങളുടെ വാർഡിലെ ഓരോ പൗരനെയും ലെ ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ പങ്കാളികളാക്കുക എന്നത് തദ്ദേശ്ശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നിയമപരമായ കടമയായിരിക്കുന്നതാണ്
- ബഹു സുപ്രീം കോടതി ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ്ശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ഫോട്ടോ ഗ്രാഫിക് / വീഡിയോഗ്രാഫിക് തെളിവുകൾ ജില്ലാ ജോയിന്റ് ഡയറക്ടർ ക്രോഡീകരിച്ചു ജില്ലാ കളക്ടർമാർ അവലോകനം ചെയ്യേണ്ടതാണ് .
- തദ്ദേശ്ശ സ്ഥാപനങ്ങളിലെ ലെഗസി മാലിന്യം ,ഡംപ് സൈറ്റുകൾ എന്നിവ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് സമയ ബന്ധിതമായ ആക്ഷൻ പ്ലാൻ തദ്ദേശ്ശ സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ തയ്യാറാക്കേണ്ടതും , നിലവിൽ KSWMP പദ്ധതി ( കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാൻ ) , വിവിധ ബയോ മൈനിങ് പ്രൊജെക്ടുകൾ എന്നിവ സമയബന്ധിതമായി പൂത്തിയാക്കേണ്ടതാണ്
- 2026 ലെ ഖരമാലിന്യ ചട്ടങ്ങളിൽ വിവരിച്ചിട്ടുള്ള വെറ്റ് വേസ്റ്റ് സംസ്കരിക്കുന്നതിന് എല്ലാ വൻകിട മാലിന്യ ഉല്പാദകരും അടിയന്തിരമായി ഓൺ സൈറ്റ് സൗകര്യ മൊരുക്കേണ്ടതും ,ഇത്തരം സ്ഥാപനങ്ങളുടെ മാലിന്യോത്പാദനം , സംസ്കരണം എന്നിവ നിരീക്ഷിക്കുന്നതിന് തദ്ദേശ്ശ സ്ഥാപനങ്ങൾ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ് .
- എല്ലാ നഗര തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളും സംസ്ഥാന ഖരമാലിന്യ സംസ്കരണ നയവും തന്ത്രവും വിജ്ഞാപനം ചെയ്ത തീയ്യതി മുതൽ ഒരു വർഷത്തിനുള്ളിൽ ഒരു ഖരമാലിന്യ കർമ്മ പദ്ധതി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള പ്രൊഫോർമ്മ അനുസരിച്ച് തയ്യാറാക്കേണ്ടതാണ് -
- ഖരമാലിന്യ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി എല്ലാ വർഷവും ജൂൺ 30 നകം കേന്ദ്രീകൃത പോർട്ടലിൽ റിപോർട്ട് ചെയേണ്ടതും വെബ് സൈറ്റിൽ പ്രദർശിപ്പിക്കേണ്ടതുമാണ്
- എല്ലാ നഗര തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളും ഖരമാലിന്യ സംസ്കരണത്തിനായി നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണ്
- ഖരമാലിന്യ സംസ്കരണം സംബന്ധിച്ച നടപടിക്രമങ്ങൾ , പുരോഗതി എന്നിവയുടെ മേൽ നോട്ടം വഹിക്കുന്നതിനു ജില്ലാ കല്ലെക്ടർമാർക്കും അധികാരമുണ്ടായിരിക്കുന്നതാണ്

ഉള്ളടക്കം

1 ഖരമാലിന്യ ചട്ടങ്ങൾ 2026 പ്രകാരമുള്ള നഗര തദ്ദേശ്ശ സ്ഥാപനങ്ങളുടെ ചുമതലകൾ .
2 ജനപ്രതിനിധികളുടെ ഉത്തരവാദിത്തങ്ങൾ.

ശരിപകർപ്പ്
സെക്രട്ടറി
കൗൺസിൽ സെക്രട്ടറി
തൃശൂർ കോർപ്പറേഷൻ

CORPORATION OFFICE THRISSUR